കേരള ഗവർണ്ണർ

# റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം

2019 ജനുവരി 25-ാം തീയതി

150 YEARS OF CELEBRATING THE MAHATMA

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

1. പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിന്റെ ജനപ്രതിനിധികളുടെ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു.

2. ജാതീയതയുടെയും വർഗ്ഗീയതയുടെയും നാനാ വിധത്തിലുള്ള പ്രതിബന്ധങ്ങളുടെയും ഇരുണ്ട മേഘങ്ങൾ നിറഞ്ഞ ഈ ലോകത്ത് പ്രതീക്ഷയുടെ ഒരു ദീപനാളമാണ് എന്റെ സർക്കാർ എന്ന് പറയുന്നതിൽ എനിക്കുള്ള അഭിമാനവും സന്തോഷവും ഞാൻ ആരംഭത്തിൽ തന്നെ അറിയിക്കട്ടെ. എന്റെ സർക്കാർ, ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ നമ്മുടെ സാമൂഹിക ജീവിതത്തിന്റെ എല്ലാ തുറകളിലും മതനിരപേക്ഷതയുടെയും നാനാത്വത്തിന്റെയും ശ്രേഷ്ഠമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള ദൗത്യത്തിൽ ഉറച്ചുനിന്നു.

3. ലിംഗസമത്വത്തിനും സാമൂഹികനീതിയ്ക്കും കഠിനാധ്വാനം ചെയ്യുന്ന ജനതയുടെ അന്തസ്സിനുമായി എന്റെ സർക്കാർ നിലകൊണ്ടു എന്നത് എടുത്തുപറയേണ്ട ഒന്നാണ്. നവോത്ഥാനത്തിന്റെ പുതുവെളിച്ചം പകർന്നുകൊണ്ടും വളർന്നുവരുന്ന തലമുറയുടെ മനസ്സുകളിൽ ഏകത്വത്തിന്റെ ഒരു പുതിയഭാവം പകർന്നുകൊണ്ടും ബോധവത്ക്കരണ

ത്തിന്റെ ഒരു പുതിയ യുഗത്തിലേയ്ക്കുള്ള പാതയൊരുക്കുന്നതിൽ അത് ഉയരങ്ങൾ താണ്ടുകയുണ്ടായി.

4. അനാരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പൊതുവെയും, സാമ്പത്തിക ബന്ധങ്ങൾ പ്രത്യേകിച്ചും ഉണ്ടാക്കിയ ദോഷഫലങ്ങൾ കാരണമുണ്ടായ അസന്തുലിതാവസ്ഥ നിരവധി മേഖലകളിൽ കേരളം ഇതിനകം കൈവരിച്ച പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്ന് നിരവധി പ്രാവശ്യം നാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിനാൽ കേന്ദ്രത്തെയും സംസ്ഥാനത്തെയും പരിപോഷിപ്പിക്കുന്ന രീതിയിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ ഉടച്ചുവാർക്കണമെന്നതാണ് എന്റെ സർക്കാരിന്റെ ആവശ്യം.

5. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവ പോലെയുള്ള മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾക്ക് സംസ്ഥാനത്തിന് ശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നു എന്നത് തികച്ചും ദൗർഭാഗ്യകരമാണ്. ഈ മേഖലകളിൽ സംസ്ഥാനം പുരോഗതി നേടുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തപ്പോൾ, കേന്ദ്രം ഈ മേഖലകൾക്ക് തുടർന്ന് സഹായം നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുള്ളതും, ഈ മേഖലകൾക്കായി നീക്കിവച്ച തുകയുടെ അർഹമായ വിഹിതം സംസ്ഥാനത്തിന് നിഷേധിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയിലുമാണ് സംസ്ഥാനം. നമ്മുടെ നേട്ടങ്ങൾ, നാം ഇപ്പോൾ നേരിടേണ്ടതായി വരുന്ന നഷ്ടങ്ങൾക്ക് കാരണമാകുവാൻ പാടുള്ളതല്ല.

## പ്രളയത്തിലാഴ്ന്ന കേരളം

6. കഴിഞ്ഞ മുപ്പത്തിരണ്ട് മാസങ്ങളായി എന്റെ സർക്കാർ കേരള ജനതയ്ക്ക് സേവനമർപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഭരണകാലയളവിന്റെ ഏതാണ്ട് പകുതിയോളം പിന്നിട്ടു കഴിഞ്ഞപ്പോൾ, നിരവധി മേഖലകളിൽ നാം ഗണ്യമായ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. അടുത്തിടെയുണ്ടായ മുൻപെങ്ങുമില്ലാത്ത രീതിയിലുള്ള പ്രകൃതി ദുരന്തങ്ങൾ ഉയർത്തിയ വെല്ലുവിളികൾ ഉണ്ടായിരുന്നെങ്കിലും നമ്മുടെ ജനവിധി സൃഷ്ടിച്ച പ്രതീക്ഷകൾക്കൊത്ത് ഉയരുവാനുള്ള എല്ലാ പരിശ്രമങ്ങളും നാം നടത്തിയിട്ടുണ്ട്. നമുക്കെല്ലാം അറിയുന്നതുപോലെ 2018 ആഗസ്റ്റ് 15 മുതൽ 17 വരെയുള്ള കാലയളവിൽ നമ്മുടെ സംസ്ഥാനം അതിശക്തമായ പേമാരി യുടെ പ്രഹരത്തിലായിരുന്നു. കേരളത്തിന്റെ പലഭാഗങ്ങളിലും 3,000–4,000 മി.മി മഴ ലഭിക്കുകയും കേരളത്തിന്റെ 100 വർഷത്തെ ചരിത്രത്തിൽ 1924-ന് ശേഷം എക്കാലത്തേയും ഭീകരമായ പ്രളയത്തിന് അത് കാരണമാകുകയും ചെയ്തു. അതിതീവ്ര മായ മഴയും നിറഞ്ഞുകവിഞ്ഞ നദികളും സംസ്ഥാനത്തിന്റെ പലഭാഗങ്ങളെയും വെള്ളത്തി ലാഴ്ത്തുകയും നിരവധി ഉരുൾപ്പൊട്ടലുകൾ ഉണ്ടാകുവാൻ കാരണമാകുകയും ചെയ്തു. 14 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 1664 വില്ലേജുകളിൽ 1,259 വില്ലേജുകളെയും ഇത് ബാധിക്കുകയും 1.4 ദശലക്ഷം ജനങ്ങളെ 12,253 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കാനിട യാക്കുകയും ചെയ്തു. കഠിനമായ പ്രയത്നങ്ങൾ നടത്തിയെങ്കിലും വിലപ്പെട്ട 435 ജീവനുകൾ നഷ്ടമായി. എന്റെ സർക്കാർ ജനങ്ങളെ

രക്ഷപ്പെടുത്തുന്ന തിനും സഹായമെത്തിക്കുന്നതിനുമായുള്ള അതിന്റെ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തി. ലക്ഷക്കണക്കിന് വരുന്ന യുവസന്നദ്ധ പ്രവർത്തകർ പ്രളയബാധിത പ്രദേശങ്ങളിൽ എത്തിച്ചേരുകയും സഹായം വേണ്ടവർക്ക് സഹായമെത്തി ക്കുകയും ചെയ്തു. തങ്ങളുടെ വള്ളങ്ങളുമായി ഇറങ്ങി പുറപ്പെട്ട് 65,000-ത്തിലധികം ജീവനുകൾ രക്ഷപ്പെടുത്തിയ ആയിരക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളെക്കുറിച്ച് നാം അഭിമാനം കൊള്ളുന്നു.

7. ആർമി, നേവി, എയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, സി.ആർ.പി.എഫ്, ഐ.ടി.ബി.പി, ബി.എസ്.എഫ്, കോസ്റ്റ് ഗാർഡ് എന്നിവയെ വിന്യസിച്ചുകൊണ്ട് പ്രളയ ബാധിത പ്രദേശങ്ങളിൽ തിരച്ചിൽ നടത്തുന്നതിനും രക്ഷാപ്രവർ ത്തനങ്ങൾ നടത്തുന്നതിനും നമ്മെ സഹായിച്ച ഭാരത സർക്കാരിന് നമ്മൾ നന്ദി പറയുന്നു. വിലപ്പെട്ട ജീവനുകൾ രക്ഷിക്കുന്നതിൽ കേരള പോലീസ്, കേരള ഫയർ ഫോഴ്സ്, എസ്.ഡി.ആർ.എഫ് എന്നിവ ചെയ്ത സാഹസിക ദൗത്യം ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. രാജ്യത്തെല്ലായിടത്തു നിന്നും ഭക്ഷണം, കുടിവെള്ളം, മരുന്നുകൾ, ദുരിതാശ്വാസ വസ്തുക്കൾ എന്നിവ സമാഹരിച്ച എല്ലാ സംസ്ഥാന സർക്കാരുകളോടും നാം കൃതജ്ഞതയുള്ളവരാണ്. പണ മായും സാധനങ്ങളായും പ്രളയബാധിതർക്ക് സഹായം നൽകുന്നതിനായി മുമ്പോട്ട് വന്ന ലോകത്താകമാനമുള്ള ദശലക്ഷക്കണക്കിന് മലയാളികളോട് നാം കടപ്പെട്ടിരിക്കുന്നു. സ്ക്കൂൾ വിദ്യാർത്ഥികൾ മുതൽ സാധാരണ ജനങ്ങൾ വരെയും പ്രശസ്തർ മുതൽ ഭിന്ന ശേഷിയിൽപ്പെട്ട ആളുകൾ

വരെയും, ഒന്നുമില്ലാത്തവർ മുതൽ കോർപ്പറേറ്റ് കമ്പനികൾ വരെയുമുള്ള ജീവിതത്തിന്റെ എല്ലാ തുറകളിൽ നിന്നുമുള്ള ആളുകളും സാമൂഹിക സാമുദായിക സംഘടനകളും നൽകിയ സംഭാവനകളും, എന്റെ സർക്കാരിന്റെ 'സാലറി ചാലഞ്ചിൽ' പൂർണ്ണമനസ്സോടെ സംഭാവനകൾ നൽകിയ സർക്കാർ ജീവനക്കാരെയും എന്റെ സർക്കാർ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

8. ഐക്യരാഷ്ട്ര സംഘടന, ലോകബാങ്ക്, എ.ഡി.ബി, മറ്റ് അന്താരാഷ്ട്ര ഏജൻസികൾ എന്നിവ സംയുക്തമായി പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്സ്മെന്റ് (പി.ഡി.എൻ.എ) നടത്തുകയുണ്ടായി. 2018 ഒക്ടോബർ 26-ാം തീയതി എന്റെ സർക്കാരിന് അവരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പി.ഡി.എൻ.എ റിപ്പോർട്ട്, വിവിധ മേഖലകളിൽ, 26,718 കോടി രൂപയുടെ നഷ്ടം കണക്കാക്കുകയും 31,000 കോടി രൂപയുടെ വീണ്ടെടുക്കൽ ആവശ്യകതകൾ (Recovery needs) കണക്കാക്കുകയുമുണ്ടായി. 31,000 കോടി രൂപയിൽ 5,000 കോടി രൂപ മാത്രമേ ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും ലഭ്യമാകുകയുള്ളൂ. കാര്യക്ഷമമായ പുനരധിവാസം ഉറപ്പു വരുത്തുന്നതിന് ശേഷിക്കുന്ന പണം എങ്ങനെ സമാഹരിക്കുമെന്നതാണ് എന്റെ സർക്കാരിന്റെ മുന്നിലുള്ള വെല്ലുവിളി. അടിസ്ഥാന സൗകര്യം, റോഡുകൾ, ഊർജ്ജം, കുടിവെള്ളം, ജലസേചനം, കൃഷി, കൂടാതെ കന്നുകാലികൾ, പൗൾട്രി, ചെറുകിടവ്യാപാരം ഉൾപ്പെടെയുള്ള നിരവധി ജീവനോപാധികൾ എന്നിവയാണ് ഏറ്റവും ദോഷകരമായി ബാധിക്കപ്പെട്ടത്. 13000-ത്തിലധികം വീടുകൾ പൂർണ്ണമായും

തകരുകയും 2.5 ലക്ഷം വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും ചെയ്തു. ദശലക്ഷക്കണക്കിന് വരുന്ന ആളുകളുടെ ജീവനോപാധികളെ അത് ബാധിക്കുകയുണ്ടായി.

9. ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും മാത്രം യഥാർത്ഥത്തിൽ ആവശ്യമായ തുക 15,882 കോടി രൂപയാണ്. അതിൽ 7,000 കോടി രൂപ ലോകബാങ്കിൽ നിന്നും എ.ഡി.ബി. യിൽ നിന്നും ലഭ്യമാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളം പുനർനിർമ്മിക്കുന്നതിനുള്ള അധിക വിഭവ സമാഹരണത്തിനായി നിലവിലുള്ള വായ്പാപരിധി വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ ഭാരതസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ ഒരു മറുപടിയ്ക്കായി നമ്മൾ ഇപ്പോഴും കാത്തിരിക്കുകയാണ്. അതിനിടയിൽത്തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സ്പോൺസർഷിപ്പുകൾ, വിവിധ വ്യക്തികളും സംഘടന കളും നൽകുന്ന ധനസഹായം (crowd funding) എന്നിവ ഉപയോഗിച്ചുകൊണ്ട് നാശനഷ്ടങ്ങൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ജീവനോപാധികൾക്ക് സഹായം നൽകുന്നതിനും എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## അത്യന്തം കഠിനമായ ഒരു ദൗത്യം

10. കേരളത്തിന്റെ പുനർനിർമ്മിതിക്കായി 4 മുതൽ 5 വരെ വർഷങ്ങൾ നമുക്ക് വേണ്ടിവരുമെന്നത് വ്യക്തമാണ്. ഈ പ്രകൃതിദുരന്തത്തെ തുടർന്ന് സംസ്ഥാനം ഒരു പുനരധിവാസ-പുനഃസ്ഥാപന പദ്ധതി ഏറ്റെടുക്കുക മാത്രം ചെയ്താൽ

മതിയാകുന്നതല്ല എന്ന് എന്റെ സർക്കാരിന് നിശ്ചയമുണ്ട്. ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പു വരുത്തുന്നതിന് സംസ്ഥാനത്തെ പുനർനിർമ്മിക്കുന്നതിനുള്ള ഒരു അവസരമായും എടുക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്തുന്നതിലും പുനർനിർമ്മാണത്തിലും ഉന്നതനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാനത്തിനു വേണ്ടി പുതിയ വൻകിട പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. നിർമ്മാണങ്ങളിൽ പരിസ്ഥിതി സുരക്ഷ സംവിധാനങ്ങളും നിലവാരങ്ങളും ഏർപ്പെടുത്തി, ഭാവിയിൽ ഇപ്രകാരമുള്ള ദുരന്തങ്ങളെ മെച്ചപ്പെട്ട രീതിയിൽ അതിജീവിക്കുന്നതിന് സജ്ജമാക്കും വിധം പുതിയതും പുനരുദ്ധരിച്ചതുമായ നിർമ്മാണങ്ങൾ നടത്തേണ്ടതാണ്.

11. സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്കനുയോജ്യമായ പ്രവർത്തന നയത്തോടും വ്യവസ്ഥാപിതമായ പദ്ധതിയോടും കൂടി വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ത്വരിതഗതിയിലും കാര്യക്ഷമമായ രീതിയിലും കേരളത്തെ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) -ന് തുടക്കം കുറിച്ചിട്ടുള്ളത്.

12. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ നിർമ്മിക്കുന്നതിന് എന്റെ സർക്കാർ വിശദമായ ഒരു നയം ആവിഷ്കരിച്ചിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾ നിർമ്മിക്കുന്നതിനായി, 4 ലക്ഷം രൂപ നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും (SDRF) മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ ഫണ്ടിൽ (CMDRF) നിന്നുമുള്ള പണം ഒന്നിച്ചു സമാഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ലൈഫ് മിഷൻ (LIFE) വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്ന (Flood Resilient) വീടുകളുടെ 13 രൂപകല്പനകൾ ചെയ്തിട്ടുള്ളതും അത് ഗുണഭോക്താക്കൾക്ക് തിരഞ്ഞെടുക്കാവുന്നതുമാണ്. നിരവധി സംഘടനകളും വ്യക്തികളും ഈ വീടുകൾ സ്പോൺസർ ചെയ്യുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്. സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചുകൊണ്ട് 2000 'കെയർ ഹോമു'കൾ നിർമ്മിക്കുവാനും എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സമീപകാലത്തുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും തങ്ങളുടെ ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക്, 3 സെന്റ് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

13. പ്രളയബാധിതപ്രദേശങ്ങളിൽ താമസിക്കുന്ന 6.87 ലക്ഷം പേർക്ക് പ്രളയാനന്തരം ഉടൻതന്നെ 10,000 രൂപയുടെ ഒറ്റത്തവണ സഹായംനൽകുകയുണ്ടായി. പ്രളയാനന്തര ദുരന്തഫലങ്ങൾക്ക് ശേഷം ജനങ്ങളെ അവരുടെ ജീവിതം വീണ്ടെടുക്കുന്നതിന് സഹായിക്കുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) നിരവധി പ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. കുടുംബശ്രീ മുഖേന ഗൃഹോപകരണങ്ങളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി ഓരോ കുടുംബത്തിനും നൽകുന്ന ഒരുലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ബാങ്കുകൾക്ക് നൽകേണ്ട 9 ശതമാനം പലിശ എന്റെ സർക്കാർ നൽകുമെന്ന് തീരുമാനിക്കുകയുണ്ടായി.

വായ്പകൾക്കുള്ള തിരിച്ചടവ് കാലയളവായി 36 മുതൽ 48 മാസങ്ങൾ അനുവദിക്കുകയും, കൂടാതെ വായ്പ തിരിച്ചടവുകളിൽ 6 മാസത്തെ മോറട്ടോറിയവും പ്രഖ്യാപിക്കുകയുണ്ടായി. പ്രളയബാധിതമായ എം.എസ്.എം.ഇ കൾക്കും കടകൾക്കും സ്ഥാപനങ്ങൾക്കും എന്റെ സർക്കാർ സഹായവും ഇളവുകളും പ്രഖ്യാപിച്ചു. ഇപ്രകാരമുള്ള എല്ലാ ഉദ്യമങ്ങൾക്കും രൂപം നൽകിയത് എന്റെ സർക്കാരാണ്. നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങളേക്കാൾ ഉയർന്ന സഹായമാണ് നൽകിയതെന്ന് നാം ഉറപ്പുവരുത്തിയിട്ടുള്ളതും സാർവ്വത്രികമായ പരിരക്ഷ ഉറപ്പുവരുത്തുന്നുമുണ്ട്.

## ലിംഗസമത്വത്തിലേക്ക്

14. ജാതിമത സമുദായ പരിഗണന കൂടാതെ പ്രളയത്തെ നേരിടുന്നതിൽ സംസ്ഥാനം അത്യന്തമായ ഐക്യമാണ് കാഴ്ചവച്ചത്. സംസ്ഥാനം അതിന്റെ രൂപീകരണം മുതൽ പിൻതുടർന്നു പോരുന്ന ഭരണത്തിന്റെ ജനാധിപത്യ സോഷ്യലിസ തത്വങ്ങളെ നിലനിർത്തുന്ന കേരളത്തിന്റെ ഐക്യമാണ് സാമൂഹിക വികസനത്തിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിക്കുവാൻ നമ്മെ നയിച്ചത്. എന്റെ സർക്കാർ ലിംഗനീതി ഉറപ്പാക്കുന്നതാണ്. ശബരിമല ക്ഷേത്രത്തിൽ ഒരു പ്രത്യേക പ്രായവിഭാഗത്തിലുള്ള സ്ത്രീകളുടെ പ്രവേശനം നിരോധിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീം കോടതി ഉത്തരവായി. പ്രസ്തുത വിധിന്യായം നടപ്പിലാക്കുക എന്നതും നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുക എന്നതും എന്റെ സർക്കാരിന്റെ കർത്തവ്യമാണ്. തുടർന്നുണ്ടായ വിവിധ സംഭവങ്ങൾ നവോത്ഥാന പ്രസ്ഥാനത്തിന്റെ പുരോഗമനാത്മക

മൂല്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അടിയന്തിര ആവശ്യം അടിവരയിട്ടു പറയുന്നു. ഇതിലേക്കായി ലിംഗ നീതിയ്ക്കായുള്ള പോരാട്ടത്തിൽ കേരളത്തിലെ വനിതകളുടെ ഐക്യദാർഢ്യത്തിന്റെ പ്രതീകമായി കേരളത്തിലുടനീളം 'വനിതാമതിൽ' സംഘടിപ്പിക്കുന്നതിനുള്ള സാമൂഹിക സംഘടനകളുടെ നിർദ്ദേശത്തിന് എന്റെ സർക്കാർ പിന്തുണ നൽകി. ചരിത്രപരമായ ആ സായാഹ്നത്തിൽ 50 ലക്ഷത്തി ലധികം വനിതകൾ ഒത്ത് ചേർന്നു എന്ന വസ്തുത കേരളം ഇന്ന് അറിയപ്പെടുന്ന മതനിരപേക്ഷതയും പുരോഗമനാത്മക മൂല്യങ്ങളും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനു മുള്ള വിശ്വാസവും ആത്മവിശ്വാസവും നമുക്ക് തരുന്നു. കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ നൽകിയ ചരിത്രപരമായ സംഭാവനകളുടെ സ്മരണാർത്ഥം 'നവോത്ഥാന മ്യൂസിയം' സ്ഥാപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

## അവാർഡുകളും അംഗീകാരങ്ങളും

15. പ്രളയാനന്തര ദുരന്തഫലങ്ങൾ ഉണ്ടായെങ്കിലും നിരവധി മേഖലകളിൽ രാജ്യത്ത് കേരളം ഇപ്പോഴും മുന്നിലാണ്. നീതി ആയോഗ് നടത്തിയ ആദ്യ 'എസ്.ഡി.ജി (SDG) ഇന്ത്യ ഇൻഡെക്സ്' 2018-ൽ കേരളം, അതിന്റെ മികച്ച പ്രകടനത്തിന് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങൾക്കു മിടയിൽ പ്രഥമസ്ഥാനത്തെത്തി. കേരളത്തിലെ 'സ്റ്റാർട്ട് അപ്പ് ഇക്കോസിസ്റ്റം' രാജ്യത്തെ മികച്ചവയിൽ ഒന്നായി ഭാരത

സർക്കാർ തിരഞ്ഞെടുത്തിട്ടുണ്ട്. മാനവ വികസന സൂചിക, സാക്ഷരത, ആരോഗ്യം, നൂറ് ശതമാനം വൈദ്യുതീകരണം എന്നിവയിൽ കേരളം മുന്നിലാണ്. ന്യൂഡൽഹി പബ്ലിക് അഫയേഴ്സ് സെന്റർ ഇൻഡക്സിൽ കേരളം പ്രഥമ സ്ഥാനത്ത് നിൽക്കുന്നതും ട്രാൻസ്ജെൻഡർ പോളിസി പ്രഖ്യാപിച്ചിട്ടുള്ള ആദ്യ സംസ്ഥാനവുമാണ്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രകാരം അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായും സാമുദായിക ലഹളകളിൽ നിന്നും മുക്തമായ ഭാരതത്തിലെ ഏക സംസ്ഥാനമായും കേരളം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സൈബർ ഇൻവെസ്റ്റിഗേഷനിലെ മികച്ച ഒന്നായി നാസ്കോം (NASSCOM) ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ കേരളത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. വനിതാ ക്ഷേമവും ജെൻഡർ ബജറ്റിംഗും എന്നതിൽ ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചുകൊണ്ട് കേരളം മുൻപന്തിയിലെത്തുകയും 'സെക്ഷ്വൽ അസ്സാൾട്ട് ഫോറൻസിക് എവിഡൻസ്' (SAFE) ഏർപ്പെടുത്തിയ പ്രഥമ സംസ്ഥാനവുമാണ്. ഇന്ത്യ ടുഡെ കേരളത്തെ ക്രമസമാധാന പാലനത്തിൽ മികച്ചതായി തിരഞ്ഞെടുത്തു.

## ഒരു നവകേരളത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം

16. ദീർഘകാലമായി പണിതീരാതെ നിലവിലിരിക്കുന്ന പ്രധാനപ്പെട്ട എല്ലാ വൻകിട പദ്ധതികളും പൂർത്തിയാക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾ, പ്രത്യേകിച്ചും, ഭൂമിയുടെ

ഉപയോഗം ആവശ്യമായിട്ടുള്ളവ, നമ്മുടെ സംസ്ഥാനത്തിന് നല്ലതല്ലെന്ന വ്യാപകമായ ഒരു തോന്നലുണ്ടായിരുന്നു. രാഷ്ട്രീയ സമവായം ഉറപ്പാക്കിക്കൊണ്ടും ജനങ്ങളെ വിശ്വാസത്തിലെടുത്തും ഈ കാഴ്ചപ്പാട് തിരുത്തുവാൻ എന്റെ സർക്കാരിന് സാധ്യമായിട്ടുണ്ട്. എന്റെ സർക്കാർ കൊല്ലം ബൈപ്പാസ് വിജയകരമായി പൂർത്തിയാക്കി യിട്ടുള്ളതും, ഗെയിൽ പൈപ്പ് ലൈൻ, കൊച്ചി-ഇടമൺ ഇലക്ട്രിക് ലൈൻ, റോഡിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ, ദേശീയജലപാതകൾ പുനഃസ്ഥാപിക്കൽ, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പൂർത്തിയാക്കിവരുകയും ചെയ്യുന്നു. ഇത് ഭരണ നിർവ്വഹണത്തിലും ജനങ്ങളിലും സമാനമായ സ്വഭാവത്തോടെയുള്ള നിരവധി പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനുള്ള ഒരു അനുകൂലമായ വിശ്വാസം വളർത്തുകയും ചെയ്തു.

17. കേരള അടിസ്ഥാന സൗകര്യനിക്ഷേപനിധി ബോർഡിന്റെ (KIIFB) കീഴിൽ 41,000 കോടി രൂപയുടെ 500–ലധികം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതും അതിൽ കുടിവെള്ള വിതരണപദ്ധതികൾ, തീരദേശ ഹൈവേ, മലയോര ഹൈവേ, സാംസ്കാരിക കേന്ദ്രങ്ങൾ മുതലായവ ഉൾപ്പെടെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും വൻകിട അടിസ്ഥാന സൗകര്യപദ്ധതികൾ ഉൾപ്പെടുന്നതുമാണ്. ഇതിൽ 9,000 കോടി രൂപയുടെ പദ്ധതികൾക്ക് ടെൻഡർ നൽകി യിട്ടുള്ളതും, 5,500 കോടി രൂപയുടെ പണി ആരംഭിച്ചിട്ടുള്ള തുമാണ്.

മൊത്തത്തിൽ കിഫ്ബിയുടെ (KIIFB) കീഴിൽ 50,000 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

18. മലബാറിലെ ജനതയ്ക്ക് അവസരങ്ങളുടെ ഒരു പുതിയ വാതായനം തുറന്നുകൊടുക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം, 2018 ഡിസംബർ 9-ന് എന്റെ സർക്കാർ അഭിമാനപൂർവ്വം ഉദ്ഘാടനം ചെയ്യുകയുണ്ടായി. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് 31 കോടി രൂപയുടെ ഡിവിഡന്റ് കേരള സർക്കാരിന് നൽകിയത് കേരളത്തിലെ പൊതു സ്വകാര്യ പങ്കാളിത്തത്തിന്റെ വിജയമാണ് കാണിക്കുന്നത്. ശബരിമല വിമാനത്താവളത്തിന് വേണ്ടിയുള്ള പ്രാഥമിക ജോലികൾ നാം ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഇ-വാഹനനയം തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതും അതിൻകീഴിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ വിന്യസിക്കുന്ന പുതിയ ത്രിചക്ര വാഹനങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ മാത്രമായിരിക്കുന്നതാണ്. പൈലറ്റ് പ്രോജക്റ്റിൽ കെ.എസ്.ആർ.ടി.സി ഇതിനകം ഇലക്ട്രിക് ബസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി റിക്കാർഡ് വരുമാനം നേടുകയും വർഷങ്ങളായി നൽകാനുണ്ടായിരുന്ന ശമ്പളവും പെൻഷനും നാം നൽകുകയുമുണ്ടായി.

19. എന്റെ സർക്കാർ, പൗരന്മാരുടെ ജീവനും സ്വത്തുക്കളും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്. പൊതു

പ്രതിഷേധങ്ങളുടെ പേരിൽ, അടുത്തകാലത്തുണ്ടായ സംഭവങ്ങളിൽ സ്വത്തുക്കൾക്ക് നാശനഷ്ടം വരുത്തുകയും സമാധാനവും ഐക്യവും തകർക്കുന്ന രീതിയിൽ ജനവിഭാഗങ്ങൾക്ക് നേരെ നടത്തിയ അക്രമവും ഗൗരവമായി കാണുന്നതാണ്. ഈ അവസരത്തിൽ, അത്തരത്തിൽ സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നതിൽ ഏർപ്പെട്ടിട്ടുള്ളവർ ശിക്ഷിക്കപ്പെടുന്നുണ്ട് എന്നും അവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്ന തിനായി എന്റെ സർക്കാർ ഒരു നിയമനിർമ്മാണം കൊണ്ടുവരികയുണ്ടായി. ജീവനോപാധികൾ സംരക്ഷിക്കുന്ന തിനും സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും ടൂറിസം, ഐ.ടി മേഖലകളെ ഹർത്താലിൽ നിന്നും ഒഴിവാക്കുന്നതാണ്.

20. വരുംകാലത്ത് കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് പ്രവാസി കേരളീയരുടെ വൈദഗ്ദ്ധ്യവും കഴിവും വരുമാനവും ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യ ത്തോടെ എന്റെ സർക്കാർ ലോക കേരള സഭ രൂപീകരിച്ചി ട്ടുള്ളതും അത് വഴി ഒരു നവകേരള സൃഷ്ടിക്കായുള്ള സ്കീമുകളിൽ അവർക്ക് ഒരു അർത്ഥവത്തായ പങ്ക് ഉണ്ടാവുമെന്ന് ഉറപ്പുവരുത്തുന്നതുമാണ്.

21. എന്റെ സർക്കാർ, 18-2-2019-ൽ 1000 ദിവസങ്ങൾ പൂർത്തിയാക്കുന്നതാണ്. സർക്കാർ അതിന്റെ രണ്ട് വർഷത്തെ പുരോഗതി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. ഏതെങ്കിലും ഒരു സർക്കാർ, കേരള ജനതയ്ക്ക് നൽകിയ വാഗ്ദാനം നിറവേറ്റുന്നത് ഇത് ആദ്യമായാണ്. സാമ്പത്തിക

ഞെരുക്കമുണ്ടായിട്ടും വിദ്യാഭ്യാസവും ആരോഗ്യവും മേഖലകളിൽ എന്റെ സർക്കാർ നിരവധി തസ്തികകൾ സൃഷ്ടിക്കുകയും അത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുകയും ചെയ്തിട്ടുണ്ട്.

22. എന്റെ സർക്കാർ പ്രധാന വിദ്യാഭ്യാസ ക്യാമ്പസ്സുകൾ പ്രകൃതി സൗഹൃദമാക്കുന്നതിന് **'ഗ്രീൻ കാമ്പസ്'** എന്ന ഒരു പുതിയ സ്കീം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സൗരോർജ്ജ പ്ലാന്റുകൾ/വിൻഡ് മില്ലുകൾ/മഴവെള്ള സംഭരണ സംവിധാനങ്ങൾ, അദ്ധ്യാപക-വിദ്യാർത്ഥി വിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കേരള ശുചിത്വ മിഷന്റെ സഹായത്തോടെ ബയോഗ്യാസ്, ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

## ഭക്ഷ്യവും സിവിൽ സപ്ലൈസും

23. എന്റെ സർക്കാർ, 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ ആക്റ്റ് വിജയകരമായി നടപ്പിലാക്കാൻ കാര്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പരമാവധി സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിനായി, ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) അളവുതൂക്ക മെഷീനുമായി സംയോജിപ്പിച്ചുകൊണ്ട് 2019-20-ൽ ഇത് കൂടുതൽ മുൻപോട്ട് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ന്യായവില ഷോപ്പുകൾക്ക് ഏകീകൃതമായ കളർ കോഡുകളും രൂപകല്പനയും നൽകിക്കൊണ്ട് കൂടുതൽ ആകർഷകമാക്കാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിവരവ്യാപനത്തിനും, ഉപഭോക്തൃ തർക്കപരിഹാര ഫോറവും

(CDRF) ലീഗൽ സർവ്വീസസ് അതോറിറ്റിയും തമ്മിൽ ബന്ധിപ്പിച്ചു പ്രവർത്തിപ്പിച്ച് ഉപഭോക്താക്കൾക്ക് നിയമ സഹായം നൽകുന്നതിനും എല്ലാ പതിനാലു ജില്ലകളിലും ജില്ലാ ഉപഭോക്തൃ വിവര ഡെസ്ക്കുകൾ (District Consumer Information Desks) സ്ഥാപിക്കുന്നതാണ്. അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ 200 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിലക്കയറ്റം സാധാരണ ജനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി, 13 വ്യത്യസ്ത ഉത്പന്നങ്ങളുടെ വില നിയന്ത്രിക്കുകയും 3 എണ്ണത്തിൽ വീണ്ടും സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

## വിദ്യാഭ്യാസം

24. എന്റെ സർക്കാർ, 2016–ൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സമാരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും വിദ്യാർത്ഥികളുടെ പ്രവേശനവും വിദ്യാഭ്യാസത്തിന്റെ നിലവാരവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്റെ സർക്കാർ ‘വായനയുടെ വസന്തം’ എന്ന പരിപാടിയിലൂടെ വായനയുടെ പ്രാധാന്യം പ്രോത്സാഹിപ്പിക്കുന്നതാണ്. വിദ്യാർത്ഥികൾക്കിടയിലെ ശാസ്ത്ര വിഷയങ്ങളിൽ സമർത്ഥരായ ചെറുപ്രായത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ‘ശാസ്ത്രയാനം’ എന്ന ഒരു പുതിയ പരിപാടി സമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കൻഡറി രംഗത്ത്

അദ്ധ്യാപകരുടെ ശാക്തീകരണപരിപാടിക്ക് ഒരു പുതിയ രൂപം നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിലെ അവസരങ്ങളെ സംബന്ധിച്ച് അവബോധം വിദ്യാർത്ഥികൾക്കിടയിൽ വ്യാപിപ്പിക്കുന്നതിന്, രാജ്യത്തെ പ്രധാനപ്പെട്ട എല്ലാ സ്ഥാപനങ്ങളും സർവ്വകലാശാലകളും പങ്കെടുക്കുന്ന 'കരിയർ എക്സ്പോ' ആയ ദിശ (DISHA) 2019-20-ലും തുടരുന്നതാണ്.

25. സംസ്ഥാനതല അദ്ധ്യാപക കോൺഗ്രസ്സ് സംഘടിപ്പിക്കുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു. ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ താത്പര്യമേഖലകൾ കണ്ടെത്തുന്നതിനായി, 250 നോഡൽ സ്കൂളുകൾ മുഖേന, "കെ-ഡാറ്റ്" (K-Dat) സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട ഒരു ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തുന്നതാണ്. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് 'സ്മൈൽ' (Skill Mentorship for Innovative Life Experience) പരിപാടി സംഘടിപ്പിക്കുന്നതാണ്. 'ടാലന്റ് എൻഹാൻസ്മെന്റ് മോഡ്യൂളുകൾ' വികസിപ്പിക്കുന്നതിന് സ്കൂളുകളിൽ ടാലന്റ് ലാബുകൾ സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ, വിദ്യാർത്ഥികളിലെ മാനസിക ആരോഗ്യ പ്രശ്നങ്ങളും സ്വഭാവ വൈകല്യങ്ങളും മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും, ഇടപെടൽ നടത്തുന്നതിനും കൗൺസിലിംഗിനും ആയി അദ്ധ്യാപകർക്കുള്ള 'സെൻസെറ്റൈസേഷൻ പ്രോഗ്രാം' ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

26. എഞ്ചിനീയറിംഗ്, പോളിടെക്നിക് എന്നീ പശ്ചാത്തലമുള്ള വിദ്യാർത്ഥികളുടെ തൊഴിൽ യോഗ്യതകൾ മെച്ചപ്പെടുത്തുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നതും അതിനാൽ വ്യവസായത്തിൽ 'ഇന്റേൺഷിപ് പ്രോഗ്രാം' ആരംഭിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. സർവ്വകലാശാലകൾ, സർക്കാർ കോളേജുകൾ, എയ്ഡഡ് കോളേജുകൾ, സ്വാശ്രയ കോളേജുകൾ എന്നിവയുടെ ക്രമമായ നിർണ്ണയവും ഗ്രേഡിംഗും സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടത്തുന്നതാണ്. ഈ വർഷം രണ്ട് നൂതനപരിപാടികൾ ആരംഭിക്കുന്നതിന് എല്ലാ സർവ്വകലാശാലകളെയും പ്രോത്സാഹിപ്പിക്കുന്നതാണ്.

## പട്ടിക ഗോത്രവർഗ്ഗ–പട്ടികജാതി–പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

27. എന്റെ സർക്കാർ ഏറ്റവും കുറഞ്ഞത് **ഒരു തൊഴിൽ ഒരു ഗോത്രവർഗ്ഗ കുടുംബത്തിന്** നൽകുവാൻ ഉദ്ദേശിക്കുന്നു. ആധുനികവും പരമ്പരാഗതവുമായ തൊഴിലുകളിൽ 'സ്കിൽ ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം' ഊർജ്ജിതപ്പെടുത്തുന്നതാണ്. എല്ലാ വകുപ്പുകളിലും നിയമനം നൽകുന്നതിനായി, പട്ടിക ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നുമുള്ള പ്രത്യേക റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

28. **'ഗോത്രബന്ധു സ്കീം'** സംസ്ഥാനത്തെ എല്ലാ ഗോത്രവർഗ്ഗ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

അട്ടപ്പാടിയിൽ നടപ്പിലാക്കിയിട്ടുള്ള **"മില്ലറ്റ് വില്ലേജ് സ്കീം"** കൃഷിവകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ ശേഷിക്കുന്ന ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. പരമ്പരാഗത കൃഷി വ്യാപിപ്പിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിനും പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. അടിയാൻ, പണിയൻ എന്നീ സമുദായങ്ങൾക്ക് നൽകുന്ന പ്രകാരമുള്ള പ്രത്യേക പാക്കേജ് മലപ്പുലയൻ, അരനാടൻ, മലൈ പണ്ടാരം എന്നീ സമുദായങ്ങൾക്കും നൽകുന്നതാണ്.

29. എന്റെ സർക്കാർ, പ്രളയബാധിത പ്രദേശങ്ങളിലെ പട്ടികജാതി കുടുംബങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകുവാൻ ഉദ്ദേശിക്കുന്നു. പ്രളയത്തിൽ നാശനഷ്ടം സംഭവിക്കുകയും നശിക്കുകയും ചെയ്ത വീടുകൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നിർമ്മിക്കുന്നതിനും പഠനമുറികളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും സാമ്പത്തികസഹായം നൽകും. പ്രളയാനന്തരം സർക്കാർ ദ്രുതഗതിയിൽ നടത്തിയ സർവ്വെയിൽ കൃഷി ചെയ്തുകൊണ്ടിരുന്ന 477.20 ഏക്കർ കൃഷിഭൂമിയും 4,979 വളർത്തുമൃഗങ്ങളും നഷ്ടപ്പെടുകയുണ്ടായി എന്ന് കണക്കാക്കിയിട്ടുമുണ്ട്. പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികൾ വീണ്ടെടുക്കുന്നതിന് വിവിധ കാർഷിക പദ്ധതികളും അനുബന്ധ പദ്ധതികളും മറ്റ് പുനരധിവാസ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

30. പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ജനസംഖ്യാനുപാത ത്തേക്കാൾ കൂടുതലായി വികസന ഫണ്ടുകൾ നൽകുന്ന ഭാരതത്തിലെ ഏക സംസ്ഥാനമാണ് കേരളം. ഇത് തുടരുന്ന താണ്.

31. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ പ്രളയബാധിത പ്രദേശങ്ങളിലെ മറ്റു പിന്നാക്കവിഭാഗത്തിൽ പെടുന്ന ചെറുകിട സംരംഭകർക്ക് പലിശരഹിത വായ്പ നൽകുന്നതാണ്. 2019–20–ൽ, സ്കീമിന് കീഴിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ട മറ്റുപിന്നാക്ക വിഭാഗ സ്വയം സഹായസംഘങ്ങളെ സഹായിക്കുന്നതിനും ഉദ്ദേശിക്കുന്നു. ക്ഷേത്രങ്ങളിൽ പൂജാരി മാരായും ശാന്തിക്കാരായും പിന്നാക്കസമുദായങ്ങളിൽ നിന്നുള്ള അംഗങ്ങളെ നിയമിക്കുവാൻ എന്റെ സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്.

32. ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിട്ടുള്ളതും ഉന്നതപഠന ങ്ങൾക്കുള്ള പ്രവേശനത്തിന് പരിശീലനം ഏർപ്പെടുത്തിയും യു.ജി.സി/സി.എസ്.ഐ.ആർ/നെറ്റ് പരീക്ഷകൾക്ക് പരിശീലനം നൽകിയും ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സഹായം നൽകുകയും കൂടാതെ കേന്ദ്ര സർവ്വകലാശാല/പ്രീമിയർ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവിട ങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് റ്റ്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും നൽകുവാനും ഉദ്ദേശിക്കുന്നു. ഓട്ടിസം, ശാരീരിക/ മാനസിക വെല്ലുവിളികൾ എന്നിവ

നേരിടുന്ന കുട്ടികൾക്ക് പരിശീലനത്തിനും ചികിത്സ ക്കുമായി സാമ്പത്തിക സഹായം നൽകുന്നതാണ്.

33. ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വർക്ക് തസ്തികകളുടെ 10 ശതമാനം നീക്കിവച്ചുകൊണ്ടുള്ള സംവരണനയം എന്റെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മുന്നാക്കസമുദായങ്ങളുടെ ക്ഷേമത്തിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് നൽകുന്ന ശക്തമായ സഹായം സർക്കാർ തുടരുന്നതാണ്.

## തൊഴിൽ അവകാശങ്ങൾ

34. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി, കടകളിലും സ്ഥാപനങ്ങളിലും വില്പന നടത്തുന്ന ആളുകൾക്ക് (സെയിൽസ് പേഴ്സൺ) പ്രവൃത്തി സമയങ്ങളിൽ ഇരിപ്പിട സൗകര്യത്തിനുള്ള വ്യവസ്ഥ ചെയ്യുന്നത് എന്റെ സർക്കാർ നിർബന്ധമാക്കി. എന്റെ സർക്കാർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ശക്തി പ്പെടുത്തുന്നതിനും എല്ലാ ഇ.എസ്.ഐ ഹോസ്പിറ്റലുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. ക്ലീനിക്കുകളും, ഇന്റൻസീവ് കെയർ യൂണിറ്റുകളും (ICU) ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.

35. വ്യവസായ പരിശീലന വകുപ്പ് നമ്മുടെ യുവ ജനങ്ങൾക്ക് നൈപുണ്യം നൽകുകയും അർത്ഥവത്തായ തൊഴിലവസരങ്ങൾ തേടുന്നതിന് അവരെ സജ്ജമാക്കുകയും

ചെയ്യുന്നു. 2018-19-ൽ **'ഇന്ത്യ സ്കിൽസ്-2018'** പോലെയുള്ള നിരവധി നൂതനവും പ്രധാനവുമായ പരിപാടികൾ വകുപ്പ് നടത്തുകയും 2018-19-ൽ ഐ.ടി.ഐ ട്രെയിനികൾക്ക് ടെക്നിക്കൽ എക്സ്ചേഞ്ച് പരിപാടി നടപ്പിലാക്കുകയും ചെയ്തു.

36. ഈ നൂറ്റാണ്ടിലെ യുവജനതയ്ക്ക് തൊഴിൽ യോഗ്യത ഉറപ്പുവരുത്തുന്നതിന് നൈപുണ്യം നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഒരു അവിഭാജ്യ ഘടകമായിരിക്കേണ്ടതാണ്. കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് (KASE), നമ്മുടെ യുവജനങ്ങളെ നാളെയുടെ തൊഴിലിനായി സജ്ജമാക്കുന്നതിന്, ഗവേഷണം, ഉദ്യമങ്ങൾ, നൂതനരീതികൾ എന്നിവ പരിപോഷിപ്പിക്കുന്നതിന് **'വേൾഡ് സ്കിൽസ് ലൈസിയം'** സ്ഥാപിക്കുന്നതാണ്.

## തുറമുഖങ്ങൾ

37. എന്റെ സർക്കാർ, ഉൾനാടൻ ഗതാഗത ക്ലേശം കുറയ്ക്കുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. യാത്രക്കാരുടെ സൗകര്യങ്ങൾക്കായും, ചരക്കുകൾ കൈകാര്യം ചെയ്യുന്നത് സാധ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളോടെ അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിച്ചുവരുന്നു. ഭാരതസർക്കാരിന്റെ 'സാഗരമാല' (SAGARAMALA) പദ്ധതിയിൻകീഴിൽ കൊല്ലം ബേപ്പൂർ എന്നീ തുറമുഖങ്ങളുടെ ഡ്രഡ്ജിംഗിനു വേണ്ടി സാമ്പത്തിക സഹായം സമാഹരിക്കുന്നതാണ്. 2019-20-ൽ

ആലപ്പുഴയിൽ ഹാർബർ എഞ്ചിനീയറിംഗ് ഓഫീസ് കെട്ടിടവും മഞ്ചേശ്വരത്ത് സബ് ഡിവിഷൻ ഓഫീസും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

## തദ്ദേശ സ്വയംഭരണം

38. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ചരിത്രത്തിൽ, രണ്ട് കാരണങ്ങളാൽ 2017-18 എടുത്തു പറയേണ്ട വർഷമായിരുന്നു. അതിലൊന്ന് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ആസൂത്രണപ്രക്രിയ പൂർത്തിയാക്കി എന്നതും മറ്റൊന്ന് പദ്ധതി ചെലവിന്റെ ഒരു ഉയർന്ന ശതമാനം കൈവരിച്ചു എന്നതുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 100 ശതമാനം ഫണ്ടും വിനിയോഗിക്കുന്നതിൽ 200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിജയിച്ചു എന്നും നാം കാണുകയുണ്ടായി. വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിംഗ്, എന്റെ സർക്കാർ രൂപീകരിക്കുന്നതാണ്.

39. എന്റെ സർക്കാർ, കെട്ടിട പെർമിറ്റുകൾ സുതാര്യമായും പൗരസൗഹൃദമായ രീതിയിലും നൽകുന്നതിന് ഒരു ഓൺ-ലൈൻ **"ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം"** (IBPMS) ഈ വർഷം കൊണ്ടുവരുന്നതും അപേക്ഷകർക്ക് അവരുടെ അപേക്ഷകളിന്മേൽ സ്വീകരിച്ചു കൊണ്ടിരിക്കുന്ന ഓരോ

നടപടിയും നിരീക്ഷിക്കുവാൻ ആയത് സാദ്ധ്യമാക്കുകയും ചെയ്യുന്നതാണ്.

40. വയോജനങ്ങളുടെ ക്ഷേമത്തിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വയോജനങ്ങളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും കുടുംബശ്രീ, 'വയോജന സംരക്ഷണ യൂണിറ്റുകൾ' ആരംഭിക്കുന്നതാണ്. തൊഴിലെടുക്കുന്ന ധാരാളം സ്ത്രീകൾക്ക് തങ്ങളുടെ കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി ക്രഷുകൾ ആവശ്യമായിട്ടുള്ളതിനാൽ ജില്ലാ ആസ്ഥാനങ്ങളിൽ കുടുംബശ്രീ ക്രഷുകൾ സ്ഥാപിക്കുന്നതാണ്. അതുപോലെ പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്ക്, ഡ്രൈവിംഗ് മുതലായ വിവിധോദ്ദേശ്യ പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുന്ന സേവന സംഘങ്ങൾ രൂപീകരിക്കുന്നതിന് 50,000 വനിതകൾക്ക് കുടുംബശ്രീ പരിശീലനം നൽകുന്നതാണ്. സമീപകാലത്തുണ്ടായ പ്രളയം നിരവധി വനിതകളുടെ ജീവനോപാധി ആസ്തികൾക്ക് നാശനഷ്ടമുണ്ടാക്കിയിട്ടുള്ളതിനാൽ കുടുംബശ്രീ യൂണിറ്റുകളുടെ ആസ്തികൾ ഭാവിയിൽ ഇൻഷ്വർ ചെയ്യുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

41. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവ-മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി **'മാലിന്യമുക്ത പരിസരം'** (Litter free premises) എന്ന പ്രചരണം സർക്കാർ ആരംഭിക്കുന്ന താണ്. എല്ലാപരിസരങ്ങളും മാലിന്യമുക്തമാക്കുന്നതിനായി എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റു ജൈവേതര

മാലിന്യങ്ങളും ശേഖരിക്കുന്നത് ഹരിതകർമ്മ സേന മുഖേന പ്രോത്സാഹിപ്പിക്കുന്നതാണ്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിനും സംസ്കരിക്കുന്ന തിനുമുള്ള പ്രോത്സാഹനം നാം തുടരുന്നതാണ്.

42. സംസ്ഥാനത്ത് കെട്ടിടങ്ങൾ നിർമ്മിക്കുകയും പൊളിച്ചുമാറ്റുകയും ചെയ്യുമ്പോൾ മാലിന്യങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നുവെങ്കിലും അത്തരം മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ശരിയായ സംവിധാനമില്ല. അത്തരം സംവിധാനങ്ങളുടെ അഭാവത്താൽ അവ ഒറ്റപ്പെട്ട സ്ഥല ങ്ങളിലോ ജലാശയങ്ങളിലോ നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്. അതിനാൽ, തത്പരകക്ഷികളുടെ സഹകരണ ത്തോടെ, ഒരു 'കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ്' സ്ഥാപിക്കുന്ന തിനുദ്ദേശിക്കുന്നു.

43. ഖരമാലിന്യങ്ങളുടെ സുസ്ഥിര സംസ്കരണത്തിനുള്ള ഒരു പൂർണ്ണ പരിഹാരമായി പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ, രൂപകൽപ്പന-നിർമ്മാണ-സാമ്പത്തിക-പ്രവർത്തന കൈമാറ്റ (DBFOT) അടിസ്ഥാനത്തിൽ **'മാലിന്യത്തിൽ നിന്നും ഊർജ്ജം' (Waste to Energy)** പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

## ക്രമസമാധാനവും സുരക്ഷയും

44. സംസ്ഥാന വ്യവസായ സുരക്ഷാ സേനയെ (SISF) വിപുലീകരിക്കുന്നതാണ്. 2019-20-ൽ എല്ലാ പോലീസ്

സ്റ്റേഷനുകളും, ജനമൈത്രീ പോലീസ് സ്റ്റേഷനുകളും സേവന പ്രദാന കേന്ദ്രങ്ങളുമായിത്തീരുന്നതാണ്. കേരളത്തിലുടനീള മുള്ള എല്ലാത്തരം ഗതാഗത കുററങ്ങളും/കുറ്റവാളികളെയും കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനുമായി 'ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം' സ്ഥാപിക്കുന്ന താണ്. കേരളത്തിൽ പോലീസ് സേനയിൽ 15% വനിതകളെ ഉൾപ്പെടുത്തുവാനും 4 വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

45. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജൂവലറി, ഫാക്ടറികൾ മുതലായവ പോലെയുള്ള ഉന്നതമൂല്യ വാണിജ്യസ്ഥാപനങ്ങളുടെ, സ്വത്തും സമ്പത്തും 24x7 അടിസ്ഥാനത്തിൽ, പോലീസ് വകുപ്പിന്റെ സഹായ ത്തോടെയും യഥാവിധിയുള്ള ഫീസുകളോടെയും സുരക്ഷിത മാക്കുന്നത് ലക്ഷ്യമിട്ടു കൊണ്ട്, കെൽട്രോണിന്റെ സഹായ ത്തോടെയുള്ള 'സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം' (CIMS) നിർവ്വഹണഘട്ടത്തിലാണ്. റസിഡൻസ് അസോസി യേഷനുകളുടെ സഹായത്തോടെ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം വർദ്ധിപ്പിക്കുന്നതിനും ഈ വകുപ്പ് പദ്ധതി യിടുന്നുണ്ട്.

46. 'സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്' (SPC) പദ്ധതി, 2018 ജൂണിൽ ദേശീയാടിസ്ഥാനത്തിൽ, ഹരിയാനയിൽ ആരംഭി ക്കുകയുണ്ടായി. കേരളത്തിൽ 645 സ്കൂളുകളിൽ ഈ പദ്ധതി പ്രവർത്തനത്തിൽ കൊണ്ടുവന്നിട്ടുണ്ട്. നടപ്പു വർഷത്തിൽ,

52,319 കേഡറ്റുകളോടെ അധികമായി 100 സ്കൂളുകളിലേയ്ക്ക് കൂടി ഇത് വ്യാപിപ്പിക്കുകയുണ്ടായി.

47. പ്രളയകാലത്തെ ആദ്യ പ്രതികരണ സേന അഗ്നിസുരക്ഷാ സേവന വകുപ്പായിരുന്നു. സംസ്ഥാനത്ത് അഗ്നിസുരക്ഷാ സേവന വകുപ്പിന്റെ കർത്തവ്യത്തിന് പ്രാധാന്യമേറിയിട്ടുള്ളതും മാറിക്കൊണ്ടിരിക്കുന്ന കാലത്തിനനുസരിച്ച് സജ്ജമാക്കുന്നതിനായി, അതിനെ ആധുനികവത്കരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമായി തീർന്നിട്ടുമുണ്ട്. എറണാകുളത്ത് നിലവിലുള്ള 'ഫോർട്ട് കൊച്ചിൻ സ്കൂബാ ട്രെയിനിംഗ് സെന്ററിനെ' ഉൾനാടൻ ജലമാർഗ്ഗങ്ങളിൽ രക്ഷാ നിർവ്വഹണ പ്രവർത്തനം നടത്തുന്നതിനുള്ള 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ വാട്ടർ റസ്ക്യൂ' ആയി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു.

48. ഭരണനിർവ്വഹണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും പൊതുസേവനത്തിൽ വിശ്വാസം ഉറപ്പാക്കുന്നതിനുമായി പരമാവധി കുറയ്ക്കുന്നതിന് വിജിലൻസ് വകുപ്പ് ഫലപ്രദമായ നടപടികൾ എടുക്കുകയുണ്ടായി. വിജിലൻസ് വകുപ്പ് വളരെയധികം ശിക്ഷാ നടപടികൾ സ്വീകരിച്ച വർഷമായിരുന്നു 2018-19.

## ഊർജ്ജം

49. 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ച മിഷൻ റീകണക്ട് പദ്ധതി', സമീപകാല പ്രളയത്തിൽ

നാശനഷ്ടം സംഭവിച്ച എല്ലാ വൈദ്യുതി കണക്ഷനുകളും പത്ത് ദിവസത്തിനകം പുനഃസ്ഥാപിക്കുകയും പുതുക്കി പണിയുകയും ചെയ്തു. പവർകട്ടോ ലോഡ്ഷെഡിംഗോ ഇല്ലാതെ സംസ്ഥാനത്തിലാകമാനം വൈദ്യുതി വിതരണം ചെയ്യാൻ നമുക്ക് സാധിച്ചു എന്നതിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിനായി, ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കുവാൻ നമ്മൾ ഉദ്ദേശിക്കുന്നു. റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി 1.2 ലക്ഷം ഉയർന്ന വൈദ്യുതി ഉപഭോക്താക്കളുടെ കെട്ടിടങ്ങളിൽ സർവ്വേ നടത്തുന്നതാണ്. സൗരോർജ്ജ ഉത്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർത്തുകൊണ്ട്, അഞ്ച് ഫ്ളാഗ്ഷിപ്പ് പദ്ധതി കളടങ്ങുന്ന **'ഊർജ്ജ കേരള മിഷൻ'** എന്ന ഒരു മഹത്തായ പദ്ധതി എന്റെ സർക്കാർ സമാരംഭിച്ചിട്ടുണ്ട്. പരമാവധി വൈദ്യുത ഉപഭോഗമുള്ള വൈകുന്നേരങ്ങളിലെ വൈദ്യുതി യുടെ അപര്യാപ്തത പരിഗണിച്ചുകൊണ്ട്, ഇടുക്കിയിലെ നിലവിലുള്ള റിസർവോയർ ഉപയോഗപ്പെടുത്തി മറ്റൊരു 780 മെഗാ വാട്ട് പവർ സ്റ്റേഷൻ വഴി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കേരള സ്റ്റേറ്റ് ഇലക്ട്രി സിറ്റി ബോർഡ് ലിമിറ്റഡ് (KSEBL) പരിശോധിച്ചു വരികയാണ്.

**മിഷനുകൾ**

50. ഒരു നവ കേരളം പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ നാലു മിഷനുകൾ (ലൈഫ് (LIFE) മിഷൻ,

ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം മിഷൻ) ഉൾപ്പെടുത്തിക്കൊണ്ടുള്ള '**നവകേരളം കർമ്മ പദ്ധതി**' 2016-ൽ എന്റെ സർക്കാർ സമാരംഭിച്ചു. വിവിധ മേഖലകളിൽ, നവകേരളം കർമ്മ പദ്ധതിയിലൂടെ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ നികത്തുന്നതിന്റെ ഭാഗ മായി, നാലു മിഷനുകളും പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്ന തിനുള്ള ബൃഹത്തായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വിനാശകരമായ പ്രളയക്കെടുതിയ്ക്ക് ശേഷം നാലു മിഷനുകളും പ്രളയാനന്തര പുനരധിവാസ/പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി.

51. ആർദ്രം ലൈഫ് മിഷന് കീഴിൽ, എന്റെ സർക്കാർ 2006 മുതൽ പൂർത്തീകരിക്കപ്പെടാതെ കിടന്നിരുന്ന 50,000-ൽ കൂടുതൽ വീടുകൾ പൂർത്തീകരിക്കുവാൻ സഹായിക്കുകയും സ്വന്തമായി ഭൂമിയുള്ള 80,000 ഭവനരഹിതരായ കുടുംബ ങ്ങൾക്ക് സഹായം നൽകുകയും ചെയ്തു. ഈ സാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു ലൈഫ് മിഷൻ ഫ്ളാറ്റ് സമുച്ചയത്തിന്റെ പണി ആരംഭിക്കുന്നതാണ്.

52. ജില്ലാ ഭരണകൂടവുമായി ഏകോപിപ്പിച്ചുകൊണ്ട്, ഹരിതകേരളം മിഷൻ പ്രളയ ബാധിതമായ ജില്ലകളിൽ രക്ഷാ/ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒരു നിർണ്ണായക പങ്ക് വഹിക്കുകയുണ്ടായി. ജില്ലാ ഭരണകൂടവുമായി ഏകോപിപ്പിച്ചു കൊണ്ട് സാധനങ്ങൾ ശേഖരിക്കുന്നതിലും പ്രളയ ദുരിതാ ശ്വാസ ക്യാമ്പുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിലും പ്രശംസാർഹമായ പ്രവർത്തനം അവർ നടത്തുകയും 24

മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ ആരംഭിക്കുകയും ചെയ്തു. വിവിധ ഏജൻസികളുടെ സഹായത്തോടെ മുഴുവൻ ജൈവ-ജൈവേതര മാലിന്യങ്ങളും സംസ്കരിക്കുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങളിലെ എല്ലാ കിണറുകളും ക്ലോറിനേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയുമുണ്ടായി. പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നത് ഒഴിവാക്കുന്നതിനായി മൃഗങ്ങളുടെയും പക്ഷികളുടെയും ശവശരീരങ്ങൾ പൂർണ്ണമായും സംസ്കരിക്കുന്നതിനുള്ള എല്ലാവിധ പരിശ്രമങ്ങളും നടത്തുകയുണ്ടായി.

## ആരോഗ്യം

53. പ്രളയാനന്തരം ഉണ്ടായേക്കാവുന്ന പകർച്ചവ്യാധികൾ തടയുന്നതിന് നമ്മുടെ ആരോഗ്യ പ്രവർത്തകരും ഡോക്ടർമാരും നൽകിയ മഹത്തായ സംഭാവനകൾ എടുത്തു പറയുവാൻ എന്റെ സർക്കാർ ആഗ്രഹിക്കുന്നു. നിപയും, പ്രളയാനന്തര പകർച്ചവ്യാധികളും പടർന്നു പിടിക്കുന്നത് വിജയകരമായി തടയാൻ കഴിഞ്ഞ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ഒരു സമഗ്ര രോഗനിരീക്ഷണ പരിപാടി എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലും 'ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സ്ക്രീനിംഗ്' നടത്തുന്നതാണ്. ഐ.സി.എം.ആർ-ന്റെ സഹായത്തോടെ

കോഴിക്കോട് മെഡിക്കൽ കോളേജിൽ 'ബയോ സേഫ്റ്റി ലവൽ III വൈറോളജി ലാബ്' സ്ഥാപിക്കുന്നതാണ്. എമർജൻസിയും സുസജ്ജമായ ട്രോമാ കെയർ യൂണിറ്റുകളും സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതാണ്. തൃശ്ശൂരിൽ പുതുതായി നിർമ്മിച്ച ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് ഉടൻ പ്രവർത്തനമാരംഭിക്കുകയും കണ്ണൂരിൽ ഒരു പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുകയും ചെയ്യുന്നതാണ്.

54. ആർദ്രം മിഷനു കീഴിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി സർക്കാർ ഇതിനകം പരിവർത്തനപ്പെടുത്തുകയും ഈ വർഷം 200 എണ്ണം കൂടി ഇത്തരത്തിൽ മാറ്റുന്നതിനായി തീരുമാനി ക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത രണ്ടു വർഷം കൊണ്ട് ശേഷിക്കുന്ന എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിൽ ലഭ്യമായിട്ടുള്ള 'ഡിജിറ്റൽ ക്യൂ മാനേജ്മെന്റ് ആന്റ് ഓൺലൈൻ ബുക്കിംഗ് ഓഫ് അപ്പോയിന്റ്മെന്റ് സംവിധാനം' അടുത്ത വർഷം എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും ജില്ലാ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഇന്ത്യാ ഹൈപ്പർ ടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവും (IHMI) സ്ട്രോക്ക് ക്ലിനിക്കുകളും എല്ലാ ജില്ലകളിലും ലഭ്യമാക്കുന്ന താണ്. ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീനിംഗ്, ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസീസിനും ബ്രോങ്കൃൽ ആസ്ത്മയ്ക്കുമുള്ള സ്വാസ് (SWAS) ക്ലിനിക്കുകളും വിഷാദ

രോഗ ചികിത്സയ്ക്കുള്ള ആശ്വാസം (ASWASAM) ക്ലിനിക്കുകളും അടുത്ത വർഷം എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ആയുഷ്മാൻ ഭാരതിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന ആരോഗ്യ ഇൻഷുറൻസ് പരിപാടി അടുത്ത വർഷവും തുടരുന്നതാണ്.

## സാമൂഹ്യ നേതൃത്വം

55. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട്, സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പ്രളയബാധിത പ്രദേശങ്ങളിലും ഗോത്രവർഗ്ഗ മേഖലകളിലും സ്ത്രീകൾക്കായി പ്രത്യേക ജീവനോപാധി പദ്ധതികൾ ആരംഭിക്കുന്നതിന് നാം ഉദ്ദേശിക്കുന്നുണ്ട്. എറണാകുളത്ത് ഒരു 'മാതൃകാ ചിൽഡ്രൻസ് കോർട്ട്' ആരംഭിക്കുന്നതാണ്. വൃദ്ധസദനങ്ങൾ സ്ഥാപിക്കുന്നതിനായി **'സെക്കൻഡ് ഇന്നിംഗ്സ്'**, ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായുള്ള **'റെയിൻബോ പ്രോജക്റ്റ്'** ജീവിതശൈലി രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള **'അമൃത്'** - ആരോഗ്യ പദ്ധതി എന്നിവ പോലുള്ള നിരവധി പരിപാടികളും സ്കീമുകളും ആരംഭിച്ചിട്ടുണ്ട്.

56. എന്റെ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പി

ക്കുകയും, ഈ സർക്കാർ അധികാരമേല്ക്കുമ്പോൾ 31 ലക്ഷം പേർക്ക് ലഭിച്ചിരുന്നത് ഇപ്പോൾ 42 ലക്ഷം പേർക്ക് വിതരണം ചെയ്യുന്നുമുണ്ട്. പ്രസ്തുത പെൻഷൻ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിനായി ധനവകുപ്പിന്റെ കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു കമ്പനി സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ ഭരണമേല്ക്കുമ്പോൾ ഇതിലേക്കായി 220 കോടി രൂപ വിതരണം ചെയ്തിരുന്നത് ഇപ്പോൾ ആകെ 550 കോടി രൂപ വിതരണം ചെയ്യുന്നുണ്ട്.

## സൈനികക്ഷേമം

57. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത ഭടന്മാർക്കും, വിധവകൾക്കും സൈനിക വകുപ്പ് പ്രതിമാസ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. നിലവിൽ, 199 വിമുക്ത ഭടന്മാർക്കും 1,629 വിധവകൾക്കും മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 6,000 രൂപ എന്ന നിരക്കിൽ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

## ഇൻഫർമേഷനും പബ്ലിസിറ്റിയും

58. കാര്യക്ഷമമായ വിവര വിനിമയ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് എന്റെ സർക്കാർ പ്രളയകാലത്ത് ഒരു സുപ്രധാന പങ്ക് വഹിക്കുകയുണ്ടായി. ദേശീയ അന്തർദ്ദേശീയ മാധ്യമങ്ങൾക്ക്, പ്രളയത്തെ സംബന്ധിച്ച തത്സമയ വിവരങ്ങളും, രക്ഷാ പ്രവർത്തനങ്ങൾ, ഡാം മാനേജ്മെന്റ്

എന്നിവ സംബന്ധിച്ച വിവരങ്ങളും പ്രത്യേക റിപ്പോർട്ട് സഹിതം നൽകുകയും അത് ദുരിതാശ്വാസ സാമഗ്രികളും സാമ്പത്തിക സഹായവും സമാഹരിക്കാൻ സഹായക മാവുകയും ചെയ്തു.

59.സർക്കാരിന്റെ നവകേരള ഉദ്യമങ്ങളുടെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ ഒരാഴ്ച നീണ്ടുനിന്ന പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും പ്രചരണ ങ്ങൾ നടത്തുകയുമുണ്ടായി. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ മൂല്യവും മഹത്വവും വീണ്ടും ജ്വലിപ്പിച്ചു കൊണ്ട് ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബര ത്തിന്റെ 82-ാം വാർഷികാഘോഷം എന്റെ സർക്കാർ സംഘടി പ്പിക്കുകയുണ്ടായി.

60. മുഖ്യമന്ത്രിയുടെ പരസ്പര സമ്പർക്ക ടെലിവിഷൻ പരിപാടിയായ **'നാം മുന്നോട്ട്'** സർക്കാരിന്റെ വികസന ഉദ്യമങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു അതുല്യ വേദിയാണ്. പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിനായി വിവിധ വകുപ്പുകളെയും മാധ്യമങ്ങളെയും ഫലപ്രദമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു ഐ.ഇ.സി. വിഭാഗം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

## സാംസ്കാരികം

61. ഈ വർഷം മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികവും മഹാത്മജിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികവുമായതിനാൽ ഈ സ്മരണകൾ വിവിധ പരിപാടി

കളോടെ ആചരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിൽ മഹാത്മാ ഗാന്ധി സന്ദർശിച്ച പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഒന്നാണ് പാലക്കാട്ടുള്ള ഗാന്ധി ആശ്രമം. പാലക്കാട് ഒരു ഗാന്ധിദർശൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിന്റെ അതുല്യമായ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും എല്ലാ ഗ്രാമങ്ങളിലും ചെറുനഗര ങ്ങളിലും സാംസ്കാരിക സമുച്ചയങ്ങളും, ഫിലിം സിറ്റിയും, ചലച്ചിത്രോത്സവ സമുച്ചയവും, തിയറ്റർ ശൃംഖലകളും, സൃഷ്ടിപരമായ ഗ്രാമീണ കലാകേന്ദ്രങ്ങളും, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള വേദികളും സ്ഥാപിക്കുന്നതാണ്. ജവഹർ ബാലഭവനിന്റെ 50-ാം വാർഷിക സ്മരണാർത്ഥം 2019-20-ൽ കുട്ടികളുടെ തിയറ്റർ ആരംഭിക്കു വാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിദ്യാർത്ഥികളുടെ കലാപ്രതിഭ പ്രോത്സാഹിപ്പിക്കുന്നതിനായി 'രംഗമുദ്ര' എന്ന പേരിൽ കുട്ടികളുടെ ഒരു കലാസംഘം രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

62. പരമ്പരാഗതമായ ആറന്മുള കണ്ണാടി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾക്ക് പ്രളയം മൂലം നേരിട്ട നഷ്ടങ്ങളിൽ എന്റെ സർക്കാർ അതിയായി ദുഃഖിക്കുകയും അവരുടെ ജീവനോപാധികൾ പുനഃസ്ഥാപിച്ചു കൊടുക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. ആറന്മുളയിലെ വാസ്തു വിദ്യാ ഗുരുകുലം, കേരളത്തിന്റെ വാസ്തുവിദ്യയ്ക്കും, ചുവർ ചിത്രകല, മരത്തിലും കല്ലിലുമുള്ള കൊത്തുപണികൾ

തുടങ്ങിയ വിവിധ കരകൗശലവിദ്യകൾക്കും പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ഭാരതത്തിന്റെ പാരമ്പര്യ വാസ്തുവിദ്യ പുനരുദ്ദീപിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ലക്ഷ്യമിടുന്നു.

63. കേരള സാഹിത്യ അക്കാദമി, മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൃശ്ശൂരിൽ ഒരു അന്താരാഷ്ട്ര സാഹിത്യോത്സവം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അത് എല്ലാ മലയാള സാഹിത്യകാരന്മാരുടെയും ഗ്രന്ഥങ്ങളും അവയുടെ ഡിജിറ്റൈസ് ചെയ്ത പകർപ്പുകളും സൂക്ഷിക്കുന്നതിനായി ഒരു മലയാള സാഹിത്യ പുരാരേഖാ കേന്ദ്രവും മ്യൂസിയവും സ്ഥാപിക്കുന്നതാണ്. കേരള സംഗീത നാടക അക്കാദമി ഒരു സ്ഥിരം നാടക വേദി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

## കൃഷിയും മൃഗസംരക്ഷണവും

64. പ്രളയത്തിന്റെയും മണ്ണിടിച്ചിലിന്റെയും അനന്തര ദുഷ്ഫലങ്ങളെ തുടർന്ന് കൃഷിയുടെ പുനരുജ്ജീവനത്തിന് എന്റെ സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. കാർഷിക വികസന പരിപാടികളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് **'പുനർജ്ജനി'** എന്ന പേരിൽ പ്രത്യേക സ്കീം നടപ്പിലാക്കുന്നതാണ്. കേരളത്തിലെ കർഷകരുടെ ക്ഷേമത്തിനും ആനുകൂല്യങ്ങൾക്കുമായി ഉദ്ദേശിച്ചിട്ടുള്ള കേരള കർഷക ക്ഷേമ ബോർഡ് ഇത്തരത്തിൽ ആദ്യത്തെ സംരംഭമാണ്.

65. തെങ്ങുകൾ വീണ്ടും നട്ടുപിടിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതിനായി ഒരു നാളികേര വികസന കൗൺസിൽ അടുത്തകാലത്തായി രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൾ വീണ്ടും നട്ടുപിടിപ്പിക്കുന്നതിന്, ഉയർന്ന ഗുണമേന്മയുള്ള തൈകൾ നൽകുന്നതാണ്. സ്ത്രീകൾക്ക് കൃഷിയിൽ അവസരമൊരുക്കുന്നതിനായി ജൻഡർ സൗഹൃദ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. കർഷകർക്ക് ലഭിക്കുന്നത് ഗുണമേന്മയുള്ള തൈകളും വൃക്ഷത്തൈകളുമാണെന്ന് ഉറപ്പാക്കുന്നതിനായി ഒരു നഴ്സറി ആക്റ്റ് കൊണ്ടുവരാനുദ്ദേശിക്കുന്നു. ഭക്ഷ്യസുരക്ഷയും ഭദ്രതയും ഉറപ്പുവരുത്തുന്നതിനായി എന്റെ സർക്കാർ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

66. കേരളത്തിലെ പ്രളയം കന്നുകാലി സമ്പത്തിന് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാക്കി. രക്ഷപ്പെടുത്തിയ 80,000-ലധികം വരുന്ന കന്നുകാലികളെ സംരക്ഷിക്കുന്നതിനും അവയ്ക്ക് താൽക്കാലിക അഭയം, തീറ്റ, തീറ്റപ്പുല്ല്, വൈദ്യസഹായം എന്നിവ നൽകുന്നതിനുമായി ആയിരത്തിലധികം മൃഗരക്ഷാ ക്യാമ്പുകൾ സജ്ജീകരിക്കുകയുണ്ടായി. കന്നുകാലികളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്തുകളിൽ ആധുനിക രോഗനിർണ്ണയ സൗകര്യങ്ങളോടു കൂടിയ 25 വെറ്ററിനറി ഡിസ്പൻസറികൾ സ്ഥാപിക്കുവാനും, കർഷകർക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികൾ വെറ്ററിനറി പോളി ക്ലിനിക്കുകളായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ഇനം മൃഗങ്ങൾക്കും അടിയന്തിര വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ

ഒരു മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

67. 2019-20 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരോത്പാദന സഹകരണ സംഘങ്ങളെ, വിദഗ്ദ്ധ തൊഴിൽ പരിശീലനം, കമ്പ്യൂട്ടർവത്ക്കരിച്ച അക്കൗണ്ടിംഗ് സംവിധാനം, ഇന്റർനെറ്റ് സൗകര്യം, വീഡിയോ കോൺഫറൻസിംഗ് സൗകര്യം മുതലായവയോടുകൂടിയ ഇൻഫർമേഷൻ ഹബ്ബായി പ്രവർത്തിക്കുന്നതിന് ക്ഷീര വിജ്ഞാന കേന്ദ്രങ്ങളാക്കി ഉയർത്തുന്നതാണ്. പ്രളയം മൂലം സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് നേരിട്ട നഷ്ടം നികത്തുന്നതിനായി കേരളത്തിലെ ക്ഷീര മേഖലയുടെ പുനർനിർമ്മാണത്തിനു വേണ്ടിയുള്ള **'ക്ഷീര നവോത്ഥാനം'** എന്ന പേരിൽ ഒരു പ്രത്യേക പ്രളയ പുനരധിവാസ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പുതിയ കാലിത്തൊഴുത്ത് നിർമ്മാണത്തിനായി ക്ഷീര കർഷകരെ സഹായിക്കുന്നതിന് പുറമെ പുതിയ കറവമാടുകളെ സ്വന്തമാക്കുന്നതിനും സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് സഹായം നൽകുന്നതാണ്. കുട്ടനാട് താലൂക്കിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഓരോ മോഡൽ എലിവേറ്റഡ് കാറ്റിൽ ഷെൽട്ടർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ക്ഷീര സഹകരണ സംഘങ്ങളിൽ, ഓരോ പാർക്കിലും 100 കിടാരികൾ ഉൾപ്പെടുന്ന കിടാരി പാർക്കുകൾ (ഹീഫർ പാർക്കുകൾ) 2019-20 വർഷത്തിൽ സ്ഥാപിക്കുവാൻ പദ്ധതിയിടുന്നു.

## വിനോദസഞ്ചാരം

68. നീലക്കുറിഞ്ഞി സീസണിൽ വിനോദ സഞ്ചാര മേഖല ഒരു കുതിച്ചുചാട്ടത്തിന് സജ്ജമായിരുന്നെങ്കിലും കനത്ത മഴയും പ്രളയവും ബുക്കിംഗുകൾ കൂട്ടത്തോടെ റദ്ദ് ചെയ്യപ്പെടുന്നതിന് കാരണമായി. എന്നിരുന്നാലും, ദുഷ്കരമായ ഈ വെല്ലുവിളികളെ എന്റെ സർക്കാർ നേരിടുകയും വിനോദസഞ്ചാരികളുടെ ആത്മവിശ്വാസം വീണ്ടെടുക്കുന്നതിനായി വളരെ വേഗത്തിൽ തന്നെ റോഡുകളും അടിസ്ഥാന സൗകര്യങ്ങളും പുനഃസ്ഥാപിക്കുകയുമുണ്ടായി. എല്ലാ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും വളരെയധികം വിനോദ സഞ്ചാരികൾ തിരികെയെത്തുന്നു എന്ന് കാണുമ്പോൾ നമുക്ക് അതിയായ സന്തോഷം ഉണ്ട്. 2019-20 വർഷത്തിൽ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ ആലപ്പുഴ പൈതൃക പദ്ധതി, കൊച്ചി മുസിരിസ്-ബിനാലേയ്ക്ക് വേണ്ടിയുള്ള സ്ഥിരം വേദി, കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട്-ധർമ്മടം ബീച്ചുകളുടെ വികസനം എന്നിവയാണ്. 2019 മുതൽ ലീഗ് അടിസ്ഥാനത്തിൽ ചുണ്ടൻ വള്ളംകളി നടത്തുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## പ്രവാസി കേരളീയർ

69. ദശലക്ഷക്കണക്കിന് വരുന്ന പ്രവാസി മലയാളികളുടെ ക്ഷേമത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബിയിൽ ഒറ്റത്തവണയായി 5 ലക്ഷം രൂപ നിക്ഷേപിക്കുന്ന പ്രവാസി കേരളീയർക്ക് ഒരു സ്ഥിര വരുമാനം ലഭ്യമാക്കുന്ന

**'പ്രവാസി ഡിവിഡന്റ് പെൻഷൻ സ്കീം'** ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

70. പ്രവാസികൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ, പരാതി രജിസ്റ്റർ ചെയ്യൽ, വിവര വിനിമയം തുടങ്ങിവയ്ക്കായി നോർക്ക-റൂട്ട്സ് അന്താരാഷ്ട്ര ടോൾ ഫ്രീ ലൈനോടുകൂടി ഒരു കാൾ സെന്റർ ആരംഭിക്കുന്നതാണ്. വിവിധ രാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ, ഓൺലൈൻ സാക്ഷ്യപ്പെടുത്തൽ, റിക്രൂട്ട്മെന്റ് നടപടികൾ എന്നിവ ലഭ്യമാക്കുന്ന ഒരു സമഗ്ര പോർട്ടൽ ആരംഭിക്കുന്നതാണ്.

## വ്യവസായവും വാണിജ്യവും

71. എന്റെ സർക്കാർ വ്യവസായ രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് സർക്കാർ **'കേരള വ്യവസായ വാണിജ്യ നയം'** പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു വെബ്പോർട്ടൽ മുഖേന ഏകജാലക ക്ലിയറൻസ് സംവിധാനത്തോടെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികൾ ത്വരിതപ്പെടുത്തുന്നതിനായി **2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്** ഉണ്ടാക്കിയിട്ടുള്ളതാണ്. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' മെച്ചപ്പെടുത്തുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള അവസാന ഘട്ടത്തിലാണ് സർക്കാർ.

72. ഇ-മാർക്കറ്റുകൾ ഉൾപ്പെടെയുള്ള പുതിയ വിപണന മേഖലകൾ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ എം.എസ്.എം.ഇ.-കളെ (MSMEs) സഹായിക്കുന്നതിനായി എന്റെ സർക്കാർ ഒരു 'കൊമേഴ്സ് മിഷൻ' ആരംഭിച്ചിട്ടുണ്ട്. കൈത്തറി മേഖലയെ സഹായിക്കുന്നതിനായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ആരംഭിച്ചു. കേന്ദ്ര സർക്കാരിന്റെ 'ഡിസ് ഇൻവെസ്റ്റ്മെന്റ്' നയത്തിന്റെ ഫലമായി ഭാവി അനിശ്ചിതത്വത്തിലായ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബി.എച്ച്.ഇ.എൽ. (BHEL)-ന്റെ ഓഹരികളും പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ആസ്തികളും എന്റെ സർക്കാർ ഏറ്റെടുക്കും.

## ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും

73. കഴിഞ്ഞ രണ്ടു വർഷക്കാലത്ത് നാൽപത്തിയഞ്ചു ലക്ഷം ചതുരശ്രയടി ഐ.റ്റി. സ്പേസ് സൃഷ്ടിച്ചതിൽ എന്റെ സർക്കാർ അഭിമാനിക്കുകയും ഭാവിയിൽ അത് ഒരു കോടി ചതുരശ്രയടിയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. 'ഡിജിറ്റൽ കേരള ആർക്കിടെക്ച്ചർ സ്കീം' കേരളത്തിലെ ഐ.സി.റ്റി. (ICT) അടിസ്ഥാന സൗകര്യ ങ്ങളെയും ആപ്ലിക്കേഷനുകളെയും സംയോജിപ്പിച്ചുകൊണ്ട് 'വൺ ഗവൺമെന്റ്' (One Government) അനുഭവം കൊണ്ടു വരും. നമ്മുടെ സംസ്ഥാനത്തിലേക്ക് നിക്ഷേപം ആകർഷിക്കു വാനുള്ള എന്റെ സർക്കാരിന്റെ നിരന്തരമായ പരിശ്രമം

തിരുവനന്തപുരത്ത് ഒരു 'ഗ്ലോബൽ ഡിജിറ്റൽ ഇന്നൊവേഷൻ ഹബ്' തുടങ്ങുന്നതിനുള്ള നിസാന്റെ തീരുമാനം ഉൾപ്പെടെയുള്ള അനുകൂലമായ ധാരാളം പ്രതികരണങ്ങൾ ഉളവാക്കിയിട്ടുണ്ട്.

## ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും

74. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) തിരുവനന്തപുരത്ത് ഒരു അഡ്വാൻസ്ഡ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നുണ്ട്. അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളും വ്യവസായവും തമ്മിലുള്ള പങ്കാളിത്തം വികസിപ്പിക്കുന്നതിന് വ്യവസായ മേഖലയിൽ നിയമനം ഉറപ്പു വരുത്തിക്കൊണ്ട് ഉന്നത നിലവാരമുള്ള ഗവേഷണാർത്ഥികളെ കണ്ടെത്തുന്നതിന് **'പാർട്ണറിംഗ് അക്കാദമിക് ഇൻഡസ്ട്രിയൽ റിസർച്ച്'** (PAIR) എന്ന നൂതനമായ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്.

## മത്സ്യബന്ധനം

75. അടുത്ത കാലത്തുണ്ടായ പ്രളയ സമയത്ത് ആയിരക്കണക്കിനു വിലയേറിയ ജീവനുകൾ രക്ഷിക്കുന്ന തിനായി സ്വന്തം വള്ളങ്ങളുമായി പ്രളയ ജലത്തിലേക്കിറങ്ങാൻ വിമുഖത കാട്ടാതിരുന്ന മത്സ്യത്തൊഴിലാളി സമൂഹത്തെക്കുറിച്ച് കേരളം അഭിമാനം കൊള്ളുന്നു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമം എന്റെ സർക്കാരിന് പരമ പ്രധാനമാണ്. മത്സ്യബന്ധനയാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങളും

ഉപഗ്രഹാധിഷ്ഠിത നാവിഗേഷനും സജ്ജീകരിക്കുന്നതിനും എല്ലാ തീരദേശ ജില്ലകളിലും 'വെതർ ഫോർകാസ്റ്റിംഗ് സിസ്റ്റം മാസ്റ്റർ കൺട്രോൾ റൂം' സ്ഥാപിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകും. മത്സ്യത്തൊഴിലാളി സമൂഹത്തിന് വാഗ്ദാനം ചെയ്ത പ്രകാരം മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ഹൗസിംഗ് കോംപ്ലക്സ് പൂർത്തിയാക്കി കഴിഞ്ഞു. ഓഖി ചുഴലിക്കാറ്റിനു ശേഷം അവരുടെ ക്ഷേമത്തിനായി പ്രഖ്യാപിച്ച എല്ലാ ദുരിതാശ്വാസ സഹായങ്ങളും മത്സ്യത്തൊഴിലാളി സമൂഹത്തിന് നല്കിയിട്ടുണ്ട്.

76. എന്റെ സർക്കാർ അക്വാകൾച്ചർ സർവീസ് സെന്ററുകൾക്ക് പ്രത്യേക പാക്കേജുകൾ ഏറ്റെടുക്കുന്നതും ഉൾനാടൻ മത്സ്യബന്ധനത്തിനും മൂല്യ വർദ്ധിത മത്സ്യത്തിന്റേയും മത്സ്യ ഉൽപന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മത്സ്യ തൊഴിലാളികൾക്ക് പരിശീലനം നൽകുവാൻ ഊന്നൽ നൽകുകയും ചെയ്യും. തിരച്ചിലിനെയും രക്ഷാ പ്രവർത്തനത്തെയും സഹായിക്കുന്നതിന് അതിവേഗം സ്ഥലം തിരിച്ചറിയുന്നതിനും സ്ഥാന നിർണയം നടത്തുന്നതിനും മൈക്രോചിപ്പ് അടിസ്ഥാനമാക്കിയ ബയോണിക് ഐഡന്റിറ്റി സംവിധാനങ്ങൾ കൊണ്ടുവരും.

77. ഒരു സമഗ്ര തീരദേശ വികസന പരിപാടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. തീരദേശ മണ്ണൊലിപ്പ് (coastal erosion) തടയുന്നതിനും തീരരേഖയിൽ നിന്നും 50

മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കും.

## എക്സൈസ്

78. അബ്കാരി, എൻ.ഡി.പി.എസ് കേസുകൾ കാര്യക്ഷമമായി അന്വേഷിക്കുന്നതിനും മയക്കു മരുന്നുകളുടെ നിയമ വിരുദ്ധ കടത്തും ദുരുപയോഗവും തടയുന്നതിനും എന്റെ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കും. ലഹരി വിമുക്തിയ്ക്കും മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപഭോഗം കുറയ്ക്കുന്നതിനുമായി തെളിവ് അധിഷ്ഠിത തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി 'വിമുക്തി മിഷൻ' ശക്തിപ്പെടുത്തുകയും ഫലപ്രദ മാക്കുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനമുണ്ടാക്കുന്നതിനും സംവിധാനത്തിലെ സാമ്പത്തിക ചോർച്ച തടയുന്നതിനും വേണ്ടി വില്പനയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം വകുപ്പ് ഏർപ്പെടുത്തും.

## സഹകരണം

79. നമ്മുടെ വികസന പ്രവർത്തനങ്ങളുടെ നട്ടെല്ലായ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. കേരള ബാങ്ക് സ്ഥാപിക്കുന്നതിലേക്കായി കേരള സഹകരണ ബാങ്കിന്റെ ത്രിതല വായ്പാഘടന ദ്വിതലമായി ലയിപ്പിക്കുന്നത് ഭാരതീയ റിസർവ് ബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

## ഗതാഗതം

80. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കു വേണ്ടി തിരുവനന്തപുരം മുതൽ കാസർഗോഡു വരെ മൂന്നാമത്തെയും നാലാമത്തെയും ബ്രോഡ്ഗേജ് റെയിൽ പാത സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നിർദ്ദേശത്തിൽ ഒരു പ്രത്യേക എലിവേറ്റഡ് റെയിൽവേ ലൈനിൽ രണ്ട് അധിക ലൈനുകൾ കൂടി 'ഗ്രീൻ ഫീൽഡ് കോറിഡോർ' ആയി സജ്ജീകരിക്കുന്നതും ഉൾപ്പെടുന്നതാണ്. മണിക്കൂറിൽ 180 കിലോമീറ്റർ വേഗമുള്ള 'സെമി ഹൈസ്പീഡ് ട്രെയിനുകൾ' തിരുവനന്തപുരത്തിനും എറണാകുളത്തിനുമിടയിലെ യാത്രാസമയം ഒന്നരമണിക്കൂറായും തിരുവനന്തപുരം മുതൽ കാസർഗോഡുവരെ നാലുമണിക്കൂറായും കുറയ്ക്കും.

## പൊതുമരാമത്തും ഹൈവേകളും

81. സംസ്ഥാനത്തിലെ പ്രധാന ഗതാഗതമാർഗ്ഗം റോഡ് ഗതാഗതമാണ്. 2018-ലെ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള പ്രളയം ഈ റോഡ് ശൃംഖലയ്ക്ക് വ്യാപകമായ നാശനഷ്ടമാണുണ്ടാക്കിയത്. നാലു മലയോര ജില്ലകളായ ഇടുക്കി, വയനാട്, പത്തനംതിട്ട, പാലക്കാട് എന്നിവിടങ്ങളിലെ റോഡുകൾക്ക് ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം ഭീമമായ നാശനഷ്ടങ്ങളുണ്ടായതായും ഏഴു ജില്ലകളിലെ റോഡുകളിൽ പെട്ടെന്നുള്ള വെള്ളപ്പൊക്കവും, മണ്ണൊലിപ്പും, വെള്ളക്കെട്ടും, വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന മറ്റു നാശനഷ്ടങ്ങളും

ഉണ്ടായതായും പോസ്റ്റ് ഫ്ളഡ് ഇംപാക്ട് അനാലിസിസ് സൂചിപ്പിക്കുന്നു.

82. അടിയന്തിര അറ്റകുറ്റപ്പണികൾക്കും പുരധിവാസ പ്രവർത്തനങ്ങൾക്കും 1400 കോടി രൂപയുടെ അനുമതി എന്റെ സർക്കാർ നല്കിക്കഴിഞ്ഞു. ഭൂരിഭാഗം 'ഡിസൈൻ റോഡുകളും' പ്രളയത്തെ അതിജീവിക്കുകയോ അവയ്ക്ക് പരിമിതമായ കേടുപാടുകൾ മാത്രം സംഭവിക്കുകയോ ചെയ്തിട്ടുള്ളതാണ്. ഗതാഗതം, ബസ്റൂട്ട് പ്രധാനപ്പെട്ട പട്ടണങ്ങളെയും വിനോദ സഞ്ചാര കേന്ദ്രങ്ങളെയും പരസ്പരം ബന്ധിപ്പിക്കൽ എന്നിവയെ അടിസ്ഥാനമാക്കി 9 ജില്ലകളിലെ എസ്.എച്ച്-എം.ഡി.ആർ റോഡ് ശൃംഖലയിലെ 381 കിലോമീറ്റർ ഉൾപ്പെടുന്ന പതിനഞ്ചോളം റോഡുകൾ **'ഡിസൈൻ റോഡുകൾ'** ആയി നിർമ്മിക്കുന്നതിനായി നമ്മൾ കണ്ടെത്തിയിട്ടുണ്ട്.

83. 'റീബിൽഡ് കേരള ഇനീഷ്യേറ്റീവ്' (RKI) -ന് കീഴിൽ ക്ലൈമറ്റ് റിസ്ക് മിറ്റിഗേഷൻ ആന്റ് ഡിസാസ്റ്റർ റിഡക്ഷൻ ഫോർ റോഡ് ട്രാൻസ്പോർട്ട് ഇൻഫ്രാസ്ട്രക്ചറിന് സുസംഘടിതമായ നയം, ആസൂത്രണത്തിൽ അപകടസാധ്യത കണക്കിലെടുത്തുകൊണ്ടുള്ള സമീപനം, രൂപകല്പന, അതി ജീവന രീതിയിലുള്ള നിർമ്മാണം എന്നിവയോടെ വലിയ പ്രാധാന്യം നൽകുന്നതാണ്. സംസ്ഥാനത്തെ നാലു വ്യത്യസ്ത കാലാവസ്ഥാ ഭൂമിശാസ്ത്ര മേഖലകളിൽ നിന്നുള്ള ഓരോ

റോഡ് ഇടനാഴിക്കും വേണ്ടി പൈലറ്റ് ഡെമൺസ്ട്രേഷൻ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതാണ്.

## ആസൂത്രണവും സാമ്പത്തിക കാര്യങ്ങളും

84. 2018 ആഗസ്റ്റിലെ പ്രളയത്തിലും ഉരുൾ പൊട്ടലിലും നഷ്ടപ്പെട്ട ജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനായി ജീവനോപാധി വികസന പാക്കേജ് (Livelyhood Development Package) ആവിഷ്ക്കരിക്കാൻ എന്റെ സർക്കാർ സംസ്ഥാന പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ ഘടകങ്ങളുടെ വികസനത്തിലൂടെയും എല്ലാ വകുപ്പു കളുടെയും സമന്വയം വിഭാവനം ചെയ്തുകൊണ്ടും മേഖലയുടെ സമഗ്രവികസനത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് കുട്ടനാട് തണ്ണീർത്തട ആവാസ വ്യവസ്ഥയ്ക്കായി സംസ്ഥാന പ്ലാനിംഗ് ബോർഡ് ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുന്നുണ്ട്.

85. വർക്കല ജിയോപാർക്കിനു വേണ്ടി വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (VIVID) കോർപ്പറേഷൻ ലിമിറ്റഡ് ഒരു ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കും. വർക്കല റെയിൽവേ സ്റ്റേഷന്റെ ആധുനിക വൽക്കരണത്തിൽ സഹായിക്കുന്നതിനും അന്തർ ദേശീയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് വർക്കലയിൽ നടനകലകൾക്കു വേണ്ടിയുള്ള ഒരു കേന്ദ്രം തുറക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

86. 2019–20–ൽ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് വിവിധ തത്പര കക്ഷികൾക്ക് ഒരു ഉപയോഗ സൗഹൃദ രീതിയിൽ

'സ്പേഷ്യൽ ഡാറ്റ' നൽകുവാൻ കേരള സംസ്ഥാന ലാന്റ് യൂസ് ബോർഡ് ഉദ്ദേശിക്കുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്കുവേണ്ടി 'ലാന്റ് യൂസ് ഡിസിഷൻ മോഡ്യൂ'കൾ വികസിപ്പിക്കും. രണ്ടു ജില്ലകൾക്കായി 'കോംപ്രിഹെൻസീവ് വെറ്റ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം' (WLIS) വികസിപ്പിക്കും. എൽ. ആർ. ഐ. എസ് (LRIS) വെബ്സൈറ്റിൽ ലഭ്യമായ അഞ്ചു ജില്ലകളുടെ ഭൂവിനിയോഗ/ ഭൂആവരണ ഭൂപടങ്ങൾ കാലികമാക്കും.

87. കെ-ഡിസ്ക് (K-DISC) മുഖാന്തിരം ഒരു സമൂഹത്തിന്റെ വികസനത്തിൽ നവരീതികളുടെ പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. 2019-20-ൽ ഉദ്ദേശിക്കുന്ന പുതിയ പരിപാടികൾ 'കേരള ഇന്നൊവേഷൻ ഫണ്ട്' മഴവില്ല്-ടീച്ച് സയൻസ് കേരള, ഗണിത സഹവാസ ക്യാമ്പ്, ജില്ലാ ഇന്നൊവേഷൻ കൗൺസിലുകൾ എന്നിവയാണ്.

## ധനകാര്യം

88. 15-ാം ധനകാര്യ കമ്മീഷനു നൽകിയ നിർദ്ദേശം കാരണമുണ്ടായ സംസ്ഥാനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കുന്നതിൽ, എന്റെ സർക്കാർ ഒരു പ്രധാന നേതൃത്വം വഹിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷന് വിശദമായ മെമ്മോറാണ്ടം 2018 മേയ് 28 മുതൽ മേയ് 31 വരെയുള്ള അവരുടെ കേരള സന്ദർശന സമയത്ത് സമർപ്പിച്ചിട്ടുണ്ട്.

2011-ലെ സെൻസസ് ഡാറ്റാ, 'ഡെമോഗ്രാഫിക് ഗോൾസ് അച്ചീവ്മെന്റിന്' ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്ന 15-ാം ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയം (ടി.ഒ.ആർ) പിൻവലിക്കേണ്ടതാണ്. 'ടാക്സ് ഡെവല്യൂഷൻ ഫോർമുല' യിൽ ഏർപ്പെടുത്തേണ്ട 'ഡെമോഗ്രാഫിക് ഗോൾ അച്ചീവ് മെന്റ്' മാനദണ്ഡത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. സംസ്ഥാനങ്ങൾക്കിടയിൽ ഭാഗിക്കാവുന്ന വിഹിതം പങ്കു വയ്ക്കുന്നത്, നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തേണ്ടതാണ്. പൊതു കടമെടുപ്പിന് യാതൊരു വ്യവസ്ഥയും ഏർപ്പെടുത്തരുത്. 'റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്' തുടരേണ്ടതാണ്. ഏതെങ്കിലും പ്രകൃതി ദുരന്തത്തെ തുടർന്ന് സംസ്ഥാന ദുരന്തപ്രതികരണ ഫണ്ടിൽ നിന്നും തുക ചെലവാക്കുന്നതിന് സംസ്ഥാനത്തിന് പൂർണ്ണ സ്വാതന്ത്ര്യം നൽകേണ്ടതാണ്.

89. താഴ്ന്ന-ഇടത്തര വരുമാന വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഒരു വായ്പാ തിരിച്ചടവ് സഹായ/കൃത്യമായ തിരിച്ചടവ് പ്രോത്സാഹന പദ്ധതി ആയി **'വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി'** എന്റെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 'റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' തുടരുന്നതാണ്. കേരള ലോട്ടറിയെ സംരക്ഷിക്കുന്നതിനും ലോട്ടറി മാഫിയ സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നത് തടയുന്നതിനും സർക്കാർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. സമീപകാലത്തെ

പ്രളയത്തിൽ സാമ്പത്തിക നഷ്ടമുണ്ടായ ഏജന്റുമാർക്കും വില്പനക്കാർക്കും സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ ബോർഡ് സാമ്പത്തിക സഹായം നൽകും.

**ട്രഷറികൾ**

90. ട്രഷറികളിലെയും, ധനകാര്യ വകുപ്പിലെയും, ധന കാര്യവും പേറോളും പെൻഷനും ഉദ്യോഗസ്ഥരേയും സംബന്ധിച്ച ഡാറ്റാബേസ്, അക്കൗണ്ടന്റ് ജനറലിന്റെയും ഭാരതീയ റിസർവ്വ് ബാങ്കിന്റെയും സംവിധാനങ്ങളുമായി പൂർണ്ണമായും സംയോജിപ്പിച്ചുകൊണ്ട് വികസിപ്പിച്ച ആദ്യ സംസ്ഥാനമാണ് കേരളം എന്നു പറയുന്നതിൽ എനിക്ക് അഭി മാനമുണ്ട്.

91. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) അതിന്റെ വായ്പ പോർട്ട് ഫോളിയോ ഇരട്ടിയാക്കുന്നതിനായി ഒരു ത്രിമുഖതന്ത്രം നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേഷൻ അതിന്റെ ലെൻഡിംഗ് നിരക്ക് 5 ബേസിസ് പോയിന്റുകൾ കണ്ട് കുറയ്ക്കുകയും സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ (Micro, Small and Medium Enterprises) വികസനത്തിനു വേണ്ടി ചെലവു ചുരുങ്ങിയ നിരക്കിൽ ഫണ്ട് ലഭ്യമാക്കുന്ന തിനായി കൂടുതൽ മത്സര സ്വഭാവമുള്ള 9.5 ശതമാനം അടിസ്ഥാന നിരക്ക് ഘടനയിലേയ്ക്ക് മാറുകയും ചെയ്തിട്ടുണ്ട്.

**റവന്യൂ**

92. പ്രളയ സമയത്ത് രക്ഷാ പ്രവർത്തനങ്ങളിലും ദുരിതാ ശ്വാസ പ്രവർത്തനങ്ങളിലും റവന്യൂ വകുപ്പ് മുൻ നിരയിലുണ്ടായിരുന്നു. വിലപ്പെട്ട ജീവനുകൾ രക്ഷിക്കുന്ന

തിലും ഇതുവരെയുണ്ടായിട്ടുള്ളതിൽ ഏറ്റവും വലിയ രീതിയിൽ ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിൽ ജില്ലാ കളക്ടർമാർ ചെയ്ത വിശിഷ്ഠ സേവനത്തിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. അവർ വിജയകരമായി എല്ലാ വകുപ്പുകളിൽ നിന്നും വിഭവങ്ങൾ സമാഹരിക്കുകയും പ്രളയ ബാധിതകർക്ക് ഭക്ഷണവും അവശ്യവസ്തുക്കളും എത്തിച്ചു കൊടുക്കുന്നതിന് പ്രളയബാധിത മേഖലകളിൽ 24/7 കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. എല്ലാ ദുരിതബാധിതർക്കും അവരുടെ ജീവിതം വീണ്ടെടുക്കുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നുവെന്നുറപ്പാക്കുന്നതിന് ഉദ്യോഗസ്ഥർ അക്ഷീണം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

93. ഭൂരേഖകൾ ആധുനീകരിക്കുന്നതിലേയ്ക്കായി 1,664 വില്ലേജുകളിലെ 1,618 വില്ലേജുകളെ ഓൺലൈൻ മ്യൂട്ടേഷനും ഓൺലൈൻ ആയി ഭൂനികുതി നൽകുന്നതിനുമായി, ആക്ടിവേറ്റ് ചെയ്തിട്ടുള്ളതും മ്യൂട്ടേഷനും (പോക്കുവരവ്) നികുതി നൽകലും ആക്ടിവേറ്റ് ചെയ്ത എല്ലാ വില്ലേജുകളിലും 100 ശതമാനം ഓൺലൈനാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. 35,000-ത്തിലേറെ ഭൂരഹിതരായ ആളുകൾക്കു പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

94. 6 സ്ഥലങ്ങളിൽ പുതിയ റവന്യൂ ഡിവിഷണൽ ഓഫീസുകൾ ആരംഭിച്ചു. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് കേരള വൈഡ് ഏരിയ നെറ്റ് വർക്കുമായി (KSWAN) സംയോജിപ്പിച്ചു കൊണ്ട് എല്ലാ വില്ലേജ് ഓഫീസുകളെയും ഓപ്റ്റിക്കൽ ഫൈബർ മുഖേന ബന്ധിപ്പിക്കുവാൻ

ഉദ്ദേശിക്കുന്നു. 'ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ് മോഡണൈസേഷൻ പ്രോഗ്രാമി'ന്റെ ഭാഗമായി ഏകദേശം 20 ലക്ഷം കേസ് റിക്കാർഡുകൾ വരും വർഷങ്ങളിൽ ഡിജിറ്റൈസ് ചെയ്യും.

## രജിസ്ട്രേഷൻ

95. ഭൂമി രജിസ്ട്രേഷൻ മേഖലയിൽ എന്റെ സർക്കാർ പ്രധാന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കി. അസ്സൽ ആധാരങ്ങളിൽ നേരിട്ട് വിരലടയാളം പതിക്കുന്ന നൂറ്റാണ്ടു പഴക്കമുള്ള രീതി മാറ്റി ബയോമെട്രിക് ഐഡന്റിറ്റി ജനറേറ്റ് ചെയ്യുന്നതിന് ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ ഡിജിറ്റൽ ഇംപ്രഷൻ പതിക്കുന്ന രീതി കൊണ്ടുവരും. ഇതോടൊപ്പം ഇലക്ട്രോണിക് പേയ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ സബ് രജിസ്ട്രി ഓഫീസുകളിലും പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ ഏർപ്പെടുത്തും.

## പരിസ്ഥിതി നേതൃത്വം

96. സംസ്ഥാനത്തെ പരിസ്ഥിതി പരിപാലനവും സംരക്ഷണവും ലക്ഷ്യമാക്കി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 2018-19 ൽ 354 ഭൂമിത്ര സേന ക്ലബ്ബുകൾ (BMC) സ്ഥാപിച്ചിട്ടുണ്ട്. ദുരിതബാധിത ജില്ലകളിലെ പ്രളയാനന്തര പ്രവർത്തനങ്ങളയിരിക്കും

2019-20-ലെ 'പാരിസ്ഥിതികം' സ്കീമിന്റെ പ്രധാന വിഷയം. ജി.ഐ.എസ് അടിസ്ഥാനത്തിലുള്ള 'വൾനറബിലിറ്റി അസ്സസ്സ്മെന്റ് ഫോർ കൺസർവേഷൻ-ഇൻ-ഡെപ്ത് അസ്സസ്സ്മെന്റ് ആന്റ് മാപ്പിംഗ് ഓഫ് മാൻഗ്രോവ് ഹാബിറ്റാറ്റ്സ് ഇൻ നോർതേൺ കേരള' നടത്തുന്നതാണ്.

97. നമ്മുടെ കാർഷിക മേഖലയെ കാലാവസ്ഥാ വ്യതിയാനം ബാധിക്കുന്നു എന്നത് അങ്ങേയറ്റം ഉത്കണ്ഠാ ജനകമായ കാര്യമാണ്. 'ക്ലൈമറ്റ് റെസിലിയന്റ് ഫാമിങ്ങ് ഇൻ ബയോസലൈൻ അഗ്രികൾച്ചർ ആന്റ് ഓപ്പൺ വാട്ടർ ഫിഷ് ഫാമിങ്ങിന്' നൂതനരീതിയിലുള്ള സമീപനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സ്കീമായ **'ക്ലൈമറ്റ് റെസിലിയന്റ് ഫാമിങ്ങ്'** (Climate Resilient Farming) തുടരും. കാലാവസ്ഥാ പ്രതിരോധത്തിനും, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനുമുള്ള പങ്കാളിത്ത ആവാസ വ്യവസ്ഥ പ്രവർത്തനത്തിന് 'ഗ്രീൻ ക്ലൈമറ്റ് ഫണ്ട്' (GCF) ലഭ്യമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സംസ്ഥാനത്ത് നടന്നു വരികയാണ്.

98. കേരള സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് , സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ആക്ഷൻ പ്ലാൻ കാലികമാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന വ്യാപകമായ ജൈവ വൈവിധ്യ സ്ഥിതിയെ കുറിച്ചുള്ള റിപ്പോർട്ടും വംശ നാശഭീഷണി നേരിടുന്ന ജീവികളുടെ ഒരു റെഡ് ഡാറ്റാ ബുക്കും 2019-20-ൽ വികസിപ്പിക്കും.

99. പരിസ്ഥിതിയിൽ, പ്രത്യേകിച്ച് മണ്ണ്, ജലാശയങ്ങൾ, വളം, ഭക്ഷ്യശൃഖല എന്നിവയിലെ സൂക്ഷ്മാണുക്കളെ നശിപ്പിക്കുന്ന അവശിഷ്ടങ്ങളുടെ (ആന്റിമൈക്രോബിയൽ റസിഡ്യൂസ്) സാന്നിദ്ധ്യം തിരിച്ചറിയുന്നതിന് മാത്രമായി ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ലക്ഷ്യമിടുന്നു. ഗ്രീൻ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (GSDP) കീഴിൽ, ഇ.ടി.പി/എസ്.ടി.പി ഓപ്പറേഷൻ & മെയിന്റനൻസ്, ലാബ് പൊല്യൂഷൻ മോണിറ്റേഴ്സ്-എയർ ആന്റ് ലാബ് ടെക്നിഷ്യൻസ്/ടെക്നിക്കൽ അസിസ്റ്റന്റ്സ് ഫോർ എനർജി എഫിഷ്യൻസി എന്നിവയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുവാൻ ബോർഡ് പദ്ധതിയിടുന്നു. സെക്രട്ടേറിയറ്റിനു സമീപം കണ്ടിന്യൂസ് ആംബിയന്റ് നോയിസ് മോണിറ്ററിംഗ് ആന്റ് ഡിസ്പ്ളേ സിസ്റ്റം മൂന്ന് മാസങ്ങൾക്കകവും 2019-20-ൽ രണ്ട് സ്റ്റേഷനുകൾ കൂടി എറണാകുളം എം.ജി റോഡിലും സ്ഥാപിക്കുവാൻ ബോർഡ് പദ്ധതിയിടുന്നു.

## ജലവിഭവം

100. പ്രളയകാലത്ത് നാശനഷ്ടം സംഭവിച്ച വിവിധ കനാലുകളുടെയും ജലസേചന പദ്ധതികളുടെയും കേടുപാടുകൾ തീർക്കുന്ന പ്രവർത്തികൾ, എന്റെ സർക്കാർ നടത്തിയിട്ടുണ്ട്. 941 പഞ്ചായത്തുകളിൽ 778 പഞ്ചായത്തുകൾക്കുള്ള നീർത്തട പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി പൂർത്തിയാക്കി

യിട്ടുള്ളതും, അത് 2020 മാർച്ച് മാസത്തോടുകൂടി കമ്മീഷൻ ചെയ്യുന്നതുമാണ്.

101. പ്രളയാനന്തരം ഷട്ടറുകൾ, തടയണകൾ, കനാലുകൾ, പമ്പുകൾ എന്നിവപോലുള്ള ജലസേചന നിർമ്മിതികൾ നവീകരിച്ചുകൊണ്ട് ഒരു സംയോജിത നദീതട സമീപനം സ്വീകരിക്കുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മൈക്രോ ഇറിഗേഷനും, ഡ്രിപ്പ് ഇറിഗേഷനും, ലിഫ്റ്റ് ഇറിഗേഷനും, പ്രധാനപ്പെട്ട അണക്കെട്ടുകളിലെ ചെളി നീക്കം ചെയ്യലും 2019-20-ൽ ഏറ്റെടുക്കും. 2019-20-ൽ മുൻഗണനാ അടിസ്ഥാനത്തിൽ 19 ഡാമുകൾക്ക് നിരീക്ഷണ സംവിധാനവും, 16 ഡാമുകൾക്ക് ഇൻസ്ട്രുമെന്റേഷനും, ഡാം സേഫ്റ്റി ആസ്ഥാനത്തിന്റെ നിർമ്മാണത്തിന്റെ പൂർത്തീകരണവും, കുറ്റിയാടി, മൂലത്തറ എന്നിവിടങ്ങളിലെ പ്രവർത്തികളും 'ധർമ്മ' (ഡാം ഹെൽത്ത് ആന്റ് റിഹാബിലിറ്റേഷൻ ആപ്ലിക്കേഷൻ) യിലെ വിവര സമാഹരണവും, ഇ.എ.പി റിപ്പോർട്ടുകളും ഒ & എം. (O&M) മാന്വലുകളും തയ്യാറാക്കുകയും ചെയ്യുന്നതാണ്. സാമൂഹ്യ ജലസേചന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതാണ്.

102. നിലവിലുള്ള ഹൈഡ്രോളജിക്കൽ മെറ്റീറിയോളജിക്കൽ സ്റ്റേഷനുകളെ നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന്റെ കീഴിൽ, റിയൽ ടൈം മോനിറ്ററിംഗ് സ്റ്റേഷനുകളായി ഉയർത്തുന്നതാണ്. 9 പ്രധാന നദികളും ജലാശയങ്ങളും ശുചീ കരിക്കുവാനും നദികളുടെ സമീപമുള്ള നഗര പ്രദേശങ്ങളിൽ സ്വീവറേജ് ട്രീറ്റ്മെന്റ്

പ്ലാന്റുകൾ സ്ഥാപിക്കുവാനും എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

103. സമീപ കാലത്തുണ്ടായ കനത്ത പ്രളയം കണക്കിലെടുത്ത് പെരിയാർ ചാലക്കുടി നദീതീരങ്ങളിലും കുട്ടനാടിലേക്ക് ഒഴുകുന്ന നദികളിലും 'റിയൽ ടൈം ഫ്ളഡ് വാണിംഗ്' സംവിധാനം സ്ഥാപിക്കും. വിവിധ പദ്ധതികളിൽ ഊർജ്ജ സംരക്ഷണത്തിനായി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതാണ്. വെള്ളപ്പൊക്ക നിയന്ത്രണ ജോലികളുടെ കീഴിൽ, മലമ്പുഴയ്ക്കും, ചിറ്റൂർ പുഴയ്ക്കും പൈലറ്റ് സ്കീമുകളും, പാടശേഖരങ്ങളുടെ പുറം ബണ്ടുകളുടെ ശക്തിപ്പെടുത്തലും ഉയരം കൂട്ടലും നടപ്പിലാക്കുന്നതാണ്. റിവർമാനേജ്മെന്റിന്റേയും വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളുടെയും ജലവിഭവ നിയന്ത്രണത്തിന്റെയും എല്ലാ വശങ്ങളും ക്രമപ്പെടുത്തുന്നതിന് റിവർ ബേസിൻ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

104. പ്രളയ ബാധിത പ്രദേശങ്ങളിൽ, ജലവിതരണം ദ്രുതഗതിയിൽ കേരള ജല അതോറിറ്റി പുനഃസ്ഥാപിച്ചതിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. കേരളത്തിലെ 1.9 കോടിയിലധികം വരുന്ന ജനങ്ങൾക്ക് എല്ലാ ദിവസവും 2,744 ദശലക്ഷം ലിറ്റർ ശുദ്ധീകരിച്ച ജലം വിതരണം ചെയ്യുന്നതിനുള്ള ചുമതല കേരള ജല അതോറിറ്റിക്കാണ്. ഒരു ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതും, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ 937 കോടി രൂപയുടെ 40

ഗ്രാമീണ ജല വിതരണ പദ്ധതികൾ അമൃത് (AMRUT) ന് കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രതിദിനം 65 ലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യുന്നതിന് നിലക്കൽ ബേസ് ക്യാമ്പ്, ശബരിമല എന്നിവിടങ്ങളിൽ ജലവിതരണ അടിസ്ഥാന സൗകര്യം കേരള ജല അതോറിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. 33.7 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 50 ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കുടുംബങ്ങൾക്ക് 2 ലക്ഷം ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും കേരള വാട്ടർ അതോറിറ്റി ഉദ്ദേശിക്കുന്നു. 2300 മഴവെള്ള സംഭരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 5700 തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്നതിനും ജലനിധി ഉദ്ദേശിക്കുന്നു.

105. ഉൾനാടൻ ജലഗതാഗത മേഖലയുടെ മുഴുവൻ സാധ്യതകളും ഇനിയും പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. ജലപാതകളിൽ ജലഗതാഗതവും വിനോദ സഞ്ചാരവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉൾനാടൻ ജലപാതകൾ വികസിപ്പിക്കുന്നതിന് നൽകുന്ന പ്രാധാന്യം ഭാവിയിലും തുടരുന്നതാണ്. ദേശീയ ജലപാതയായ വെസ്റ്റ്-കോസ്റ്റ് കനാൽ 2020-ഓടെ വിപുലീകരിക്കും.

106. കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ മൂന്ന് പ്രധാന പദ്ധതികൾ എന്റെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഉയർന്ന മൂലധനനിക്ഷേപമുള്ള വിവിധ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലേക്കായി, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (Kerala

Waterways and Infrastructure Limited) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി (KIIFB)യിൽ നിന്നും ധനസഹായം ലഭ്യമാക്കിക്കൊണ്ടും, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായും **'ഇന്റഗ്രേറ്റഡ് അർബൻ ജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം'** (കൊച്ചിയിലെ കനാലുകളുടെ വികസനം) എന്ന പദ്ധതി നടപ്പിലാക്കുന്ന തിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

107. അടുത്ത വർഷം, വിനോദസഞ്ചാരികളെ ലക്ഷദ്വീപ്, ആന്റമാൻ നിക്കോബാർ ദ്വീപുകൾ, ദുബായ് തുടങ്ങിയ ഇടങ്ങളിലേക്ക് കൊണ്ടുപോകുവാൻ സാദ്ധ്യമാകുന്നതും, രാത്രി താമസ സൗകര്യമുള്ളതുമായ, ഒരു തീം ക്രൂയിസ് വെസ്സൽ (Theme Cruise Vessel)ന്റെ നിർമ്മാണം തുടങ്ങുന്നതിന് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (KSINC) ഉദ്ദേശിക്കുന്നു.

## വനവും വന്യജീവികളും

108. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്, കേരളത്തിലെ വന്യജീവികളുടെ പ്രത്യേകിച്ചും ആനകളുടെ സ്വതന്ത്രമായ സഞ്ചാരത്തിനായി, വനഭാഗങ്ങളേയും മനുഷ്യ വാസ പ്രദേശങ്ങളേയും ബന്ധിപ്പിക്കുന്ന **'ഗ്രേറ്റ് വൈൽഡ് ലൈഫ് കോറിഡോർ'** ഉണ്ടാക്കുവാൻ (Great Wildlife Corridor) നാം ഉദ്ദേശിക്കുന്നു.

109. ആന ഉടമകളുടെ വിശദാംശങ്ങൾ, ആനകളെയും അവയുടെ ഭാരം, അളവുകൾ എന്നിവയും തിരിച്ചറിയുന്നതിനുള്ള മൈക്രോചിപ്പ് എന്നിവ സഹിതം സംസ്ഥാനത്തെ നാട്ടാനകളുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയ ആദ്യസംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ കാട്ടാനകളുടെയും നാട്ടാനകളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി, തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഇതിനകം തീരുമാനമെടുത്തിട്ടുണ്ട്.

110. വകുപ്പ് 2019-20-ൽ മാലിന്യ നിർമ്മാർജ്ജനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ വിഭാവനം ചെയ്യുന്നു. വനങ്ങളിൽ, മാലിന്യങ്ങൾ നിക്ഷേപിക്കപ്പെട്ട 125 ഇടങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്റെ സർക്കാർ വനങ്ങൾ ശുചീകരിക്കുന്നതിനായി 'പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ്' (Project Green Grass) നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

111. എന്റെ സർക്കാർ വനാന്തരഭാഗങ്ങളിലെയും വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിലെയും ഏറ്റവും സെൻസിറ്റീവ് ആയ പ്രദേശങ്ങളിൽ നിന്നും ഏകദേശം 500 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. 'തിരുനെല്ലി-കുദ്രക്കോട് എലിഫെന്റ് കോറിഡോർ' സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത 9.63 ഏക്കർ പ്രദേശം നിലവിലുള്ള വയനാട് വന്യജീവി സങ്കേതത്തിന്റെ ഭാഗമായി വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച് കൂട്ടിച്ചേർത്തിട്ടുണ്ട്.

എന്റെ സർക്കാർ 2020-ഓടെ തൃശ്ശൂർ സുവോളജിക്കൽ പാർക്ക് അന്തർദ്ദേശീയ നിലവാരത്തിൽ സ്ഥാപിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്.

## സ്പോർട്സും യുവജന കാര്യങ്ങളും

112. 2019–20-ൽ കിനൻത്രോപോമെട്രി (Kinanthropometry) തത്വങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, സ്കൂൾ തലത്തിൽ നിന്നുതന്നെ പ്രാഗത്ഭ്യമുള്ളവരെ കണ്ടെത്തുന്നതിന് **'ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ'** എന്ന ഒരു പരിപാടി കൊണ്ടുവരുവാൻ സ്പോർട്സ് വകുപ്പ് ഉദ്ദേശിക്കുന്നു. കളരിപ്പയറ്റ്, തൈക്കോണ്ടോ, ജൂഡോ, കരാട്ടേ മുതലായ ആയോധനകലകളിലുള്ള ശിക്ഷണത്തിലൂടെ സ്ത്രീകളുടെ മാനസികവും ശാരീരികവുമായ നൈപുണ്യം വികസിപ്പിക്കുന്നതിന് സഹായകമാവുന്ന, സ്ത്രീകൾക്ക് വേണ്ടിയുള്ള ഒരു സ്വയം പ്രതിരോധ പരിപാടി കൊണ്ടുവരുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

113. അപ്രതീക്ഷിതമായ പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനായി, 15 മുതൽ 30 വയസുവരെ പ്രായത്തിലുള്ള ഒരു ലക്ഷം സന്നദ്ധസേവകർ ഉൾക്കൊള്ളുന്ന 'കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്', എന്റെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിൽ പങ്കാളികളാകുന്നതിനെകുറിച്ച് യുവജനതയെ ബോധവത്കരിക്കുന്നതിന് വേണ്ടി 'എന്റെ കേരളം' എന്ന പേരിലുള്ള ഒരു പരിപാടി കൊണ്ടുവരുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുമായി സംയോജിപ്പിച്ചിട്ടുള്ള ഓൺലൈൻ/വെബ് അടിസ്ഥാന/ മോബൈൽ ആപ് സംവിധാനത്തിലൂടെ, യുവസന്നദ്ധസേവകരേയും സന്നദ്ധ സേവകരേയും രജിസ്റ്റർ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഈ ഓൺലൈൻ പ്ലാറ്റ്ഫോം യുവജനക്ഷേമബോർഡ്, എൻ.സി.സി, എൻ.എസ്.എസ്., നെഹ്റു യുവകേന്ദ്ര, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, നേച്ചർ ക്ലബ്ബുകൾ, എൻ.ജി.ഒ.കൾ മുതലായവയിലെ സന്നദ്ധസേവകരുടെ സ്ഥിതിവിവര കണക്കുകൾ, പൗരൻമാർക്ക് ഏകോപിപ്പിക്കപ്പെട്ട രീതിയിൽ സന്നദ്ധ സേവനം നൽകുന്ന, പ്രവർത്തനത്തിന്റെയും പ്രാപ്യതയുടെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതാണ്.

114. വകുപ്പ്, എല്ലാവർഷവും അണ്ടർ-14 സി.എം. ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാതല ചാമ്പ്യൻഷിപ്പ് നടത്തുന്നതും അതിൽ യോഗ്യത നേടുന്ന ടീമുകൾക്ക് സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ കഴിയുന്നതുമാണ്.

## ഭവന നിർമ്മാണം

115. 2018-19 ൽ ഗൃഹശ്രീ ഭവന പദ്ധതിയുടെ കീഴിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 1,300 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുള്ളതും അതിൽ ഓരോ വീടിനും രണ്ട് ലക്ഷം രൂപ ബോർഡ് സബ്സിഡിയായും ബാക്കി സ്പോൺസർമാരും നൽകിയിട്ടുള്ളതാണ്. 2019-20-ൽ 2,000 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു.

സുസ്ഥിരമായതും ചെലവ് കുറഞ്ഞതും നൂതനരീതിയിലുള്ളതുമായ പ്രീ-ഫാബ്രിക്കേറ്റഡ് ഭവന നിർമ്മാണ സാങ്കേതിക വിദ്യ എന്റെ സർക്കാർ പ്രോത്സാഹിപ്പിക്കും.

## പുരാവസ്തുക്കളും, പുരാരേഖകളും, മ്യൂസിയങ്ങളും, മൃഗശാലയും

116. എന്റെ സർക്കാർ ഭാവിതലമുറകൾക്കായി നമ്മുടെ പുരാവസ്തുപരവും പുരാരേഖാപരവുമായ പൈതൃകം പരിരക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. പുരാരേഖ വകുപ്പ് കേരള സർവകലാശാലാ കാമ്പസിൽ ഒരു പുരാരേഖാ സമുച്ചയം നിർമ്മിക്കുകയും ചുരുണ മ്യൂസിയം അന്റ് റിസർച്ച് സെന്റർ (എഴുത്തോലകളുടെ മ്യൂസിയം) ഈ വർഷം സ്ഥാപിക്കുകയും ചെയ്യും.

## പൊതുഭരണം

117. സർക്കാർ ജീവനക്കാർക്കിടയിൽ സമയനിഷ്ഠ ഉറപ്പാക്കുന്നതിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് കർശനമായി നടപ്പിലാക്കിയിരിക്കുന്നു. കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനും സേവനം പ്രദാനം ചെയ്യുന്നതിന്റെ ഗുണമേന്മയും സുതാര്യതയും ഉറപ്പാക്കുന്നതിനും എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗും ഇ-ഫയൽ സംവിധാനവും 2019-20-ൽ കൊണ്ടുവരും. ഗവൺമെന്റ് സെക്രട്ടേറിയറ്റ് മന്ദിരം നവീകരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ

ന്യൂഡൽഹിയിലുള്ള വസ്തുവകകൾ ഉചിതമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കലയും സംസ്കാരവും ചിത്രീകരിക്കുന്ന സാംസ്കാരിക കേന്ദ്രം, ഗസ്റ്റ് ഹൗസുകൾക്കുവേണ്ടി കൂടുതൽ കെട്ടിടങ്ങൾ, ആയുർവേദ കേന്ദ്രം മുതലായവ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ട്.

118. ഈ വർഷം, 1950 മുതലുള്ള മന്ത്രിസഭാ യോഗങ്ങളുടെ അമൂല്യമായ രേഖകൾ സംരക്ഷിക്കുന്നതിനായി അവ ഡിജിറ്റൈസ് ചെയ്യുന്നത് ഏറ്റെടുക്കുവാൻ എന്റെ സർക്കാർ പദ്ധതിയിടുന്നു.

## ദേവസ്വങ്ങൾ

119. ദേവസ്വം ബോർഡുകളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനായി എന്റെ സർക്കാർ ഒരു ദേവസ്വം ട്രൈബ്യൂണൽ സ്ഥാപിക്കുന്നതും ആയതിനുള്ള ഒരു ബിൽ വരുന്ന സഭയിൽ തന്നെ അവതരിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ശബരിമല ദർശനത്തിനായി വരുന്ന ഭക്തർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുവാനും അത് ശബരിമല മാസ്റ്റർ പ്ലാനിലൂടെയും സ്വദേശി ദർശനിലൂടെയും പ്രസാദ് (PRASAD) പദ്ധതിയിലൂടെയും പൂർത്തീകരിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതികളിൽ ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും ഹരിതവും ശുചിത്വമുള്ളതുമായ ചുറ്റുപാടുകളും വിഭാവനം ചെയ്തിരിക്കുന്നു. ക്ഷേത്രങ്ങളുടെ കാവുകളും കുളങ്ങളും

ആൽത്തറകളും സംരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രത്യേക ഊന്നൽ നൽകുന്നതാണ്.

## അതിജീവന ശേഷിയുള്ള കേരളത്തിനായി

120. കേരളം ആവർത്തിച്ചുണ്ടായ നിരവധി പ്രകൃതി ദുരന്തങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ആധുനിക സൗകര്യങ്ങളോടുകൂടിയ കേരള സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററോടുകൂടി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനം 2019-20-ൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്. നിലവിൽ ലഭ്യമായ സേവനങ്ങൾ അപര്യാപ്തമാണെന്ന് കാണുന്നതിനാൽ, ദുരന്ത ആഘാതം പ്രവചിക്കുന്നതിനും, കൃത്യത വർദ്ധിപ്പിക്കുന്നതിനും ഏറ്റവും സൂക്ഷ്മമായ പ്രാദേശിക കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുന്നതിനും കെ.എസ്.ഇ.ഒ.സി. യുടെ ഐ.ടി. ഇനേബിൾഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിസിഷൻ സപ്പോർട്ട് സിസ്റ്റമായ 'സുരക്ഷായനവുമായി' ബന്ധിപ്പിക്കുന്നതിനുള്ള 'ആക്യുറേറ്റ് വെതർ പ്രെഡിക്ഷൻ ആന്റ് ഹസാർഡ് മോഡലിംഗ് ടൂൾസ്' വികസിപ്പിക്കുന്നതിന് ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കനത്ത ദുരന്തങ്ങളിൽ സർക്കാരിന്റെ പ്രവർത്തന സംവിധാനത്തെ സഹായിക്കുന്നതിന് വേണ്ടി ഒരു സിവിൽ ഡിഫൻസ് വോളന്റിയർ ഫോഴ്സ് രൂപീകരിക്കുന്നതിന് സംസ്ഥാനം പദ്ധതിയിടുന്നു. സംസ്ഥാനത്തിന്റെ ഏറ്റവും കുറഞ്ഞ ദുരിതാശ്വാസ സഹായം ഏതു രീതിയിലും രാജ്യത്ത് ഏറ്റവും ഉയർന്നതാണ്. 'ഹസാർഡ് വൾനറബിലിറ്റി ലിങ്ക്ഡ്

റിസ്ക്ക് റിഡക്ഷൻ സ്കീം' ആരംഭിച്ചിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. അതുവഴി പ്രകൃതി ദുരന്ത സാദ്ധ്യത മൂലം വാസയോഗ്യമല്ലാത്ത ഭൂപ്രദേശങ്ങളിൽ വീടുകളുള്ള കുടുംബങ്ങളെ സുരക്ഷിത മേഖലകളിൽ വീടുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള ധനസഹായം നൽകുന്നതു മാണ്. എന്റെ സർക്കാരിന്റെ 'ഡിസബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക്ക് റിഡക്ഷൻ പ്രോജക്റ്റ്' ഈ ആവശ്യത്തിലേക്ക് രാജ്യത്ത് മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു മാതൃകാ പ്രോജക്റ്റ് ആയി കണ്ടെത്തിയിട്ടുള്ളതും ഇത് രാജ്യത്തെ ഇത്തരത്തിൽ ആദ്യത്തേതുമാണ്. നിലവിലുള്ള, സംസ്ഥാന ദുരന്ത പ്രതികരണ സേനയെ ദുരന്ത നിവാരണ വകുപ്പിൻകീഴിൽ ശക്തിപ്പെടുത്തുന്നതും നവീകരിക്കുന്നതുമാണ്.

121. കേരളത്തിന്റെ പുനർനിർമ്മിതിക്കായി എന്റെ സർക്കാരിന് വലിയ തോതിലുള്ള ധനം ആവശ്യമാണ്. പ്രളയബാധിതരായ ജനങ്ങളുടെ വീടുകളുടെ അറ്റകുറ്റ പണികൾക്കും പുനർനിർമ്മാണത്തിനും ഭൗതിക അടിസ്ഥാന സൗകര്യം പുനഃസ്ഥാപിക്കുന്നതിനും ജീവനോപാധികൾ വീണ്ടെടുക്കുന്നതിനുമുള്ള ധനം. എന്തൊക്കെ പ്രതി ബന്ധങ്ങൾ നേരിട്ടാലും നാം ഒത്തൊരുമിച്ച് നിൽക്കുവാൻ പ്രതിജ്ഞാബദ്ധരും, ജനങ്ങളുടെ പിന്തുണയോടെ എല്ലാ വെല്ലുവിളികളും നേരിടുകയും അതിജീവിക്കുകയും ചെയ്യുന്നതുമാണ്. മനുഷ്യത്വത്തിന്റെയും സാഹോദര്യത്തി ന്റെയും ഉദാത്തമായ പാരമ്പര്യങ്ങളിൽ എങ്ങനെ കേരള ജനത

ഉണർന്നു പ്രവർത്തിച്ചുവെന്നും പരസ്പരം സഹായിച്ചു വെന്നും ഈ ദുരന്തം കാണിച്ചു തന്നു.

122. പ്രളയകാലത്തും അതിനെതുടർന്നുള്ള വെല്ലുവിളികൾ നിറഞ്ഞ ദിവസങ്ങളിലും കേരള ജനത കാഴ്ചവച്ച സഹകരണത്തെയും സൗമനസ്യത്തെയും അതിജീവനത്തി നുള്ള ആർജ്ജവത്തെയും അങ്ങേയറ്റം ഞാൻ അഭിനന്ദിക്കുന്നു. ഈ സംസ്ഥാനത്തെ ഇതിലും മികച്ച തൊന്നാക്കി മാറ്റുവാൻ ഈ പ്രതിസന്ധിയെ ഒരു അവസരമായി ഉപയോഗിക്കാം.

*ജയ്ഹിന്ദ്.*

ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, 2019